18
2025
മാർച്ച്
ചൊവ്വ
മീനം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.100 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-100 പേജ് 4. വില 2.00 രൂപ




02 സെക്രട്ടേറിയറ്റ് പരിസരം നിശ്ചലമാക്കി ആശമാർ

03 സുനിത വില്യംസിന്റെ മടക്കയാത്ര ബുധനാഴ്ച

04 അന്റാർട്ടിക്കയിലെ കൂന്തൽ ജൈവവൈവിധ്യം അടുത്തറിഞ്ഞ് സിഎംഎഫ്ആർഐ സംഘം

# തീരദേശ പാതയിൽ കടൽപാലം വരുന്നു



കൊല്ലം : തീരദേശ പാതയിൽ 2 കിലോമീറ്റർ ദൂരത്തിൽ കടൽപാലം വരുന്നു. തങ്കശ്ശേരി ലൈറ്റ് ഹൗസ് മുതൽ തിരുമുല്ലവാരം വരെയാണ് 14 മീറ്റർ വീതിയിൽ കടൽപാലം നിർമിക്കുന്നത്. ബലി തർപ്പണം നടക്കുന്ന സ്ഥലത്തിന്റെ വടക്കുവശം വരെയാണ് കടൽപാലം. കർക്കടക വാവു ബലിതർപ്പണത്തിന് തടസ്സമുണ്ടാകാത്ത വിധത്തിലാണ് രൂപരേഖ തയാറാകുന്നത്. ബലി തർപ്പണം നടത്തുന്നവർക്ക് കടലിലേക്ക് ഇറങ്ങുന്ന സ്ഥലത്ത് പാലത്തിനു 3 മീറ്റർ ഉയരം ഉണ്ടാകും. മറ്റു സ്ഥലങ്ങളിൽ 6 മുതൽ 12 മീറ്റർ വരെ ഉയരം. രണ്ടുവരി പാതയാണ് നിർമിക്കുന്നത്. നടപ്പാതയും സൈക്കിൾ ട്രാക്കും ഉണ്ടാകും.

ജില്ലയിൽ 41.1 കിലോമീറ്റർ നീളത്തിൽ 3 റീച്ച് ആയാണ് തീരദേശ പാത നിർമിക്കുന്നത്. കാപ്പിൽ തങ്കശ്ശേരി (17.6 കിലോമീറ്റർ), തങ്കശ്ശേരി നീണ്ടകര (7 കിലോമീറ്റർ), ഇടപ്പള്ളിക്കോട്ട അഴീക്കൽ (ഇടപ്പള്ളിക്കോട്ടയിൽ നിന്നു തിരിഞ്ഞ്, കന്നേറ്റിക്കടവ്, വെള്ളനാതുരുത്ത് വഴി 16.5 കിലോമീറ്റർ) എന്നിവയാണ് റീച്ചുകൾ. നീണ്ടകര മുതൽ ഇടപ്പള്ളിക്കോട്ട വരെ നിലവിലുള്ള ദേശീയപാത66 ലൂടെയാണ് യാത്ര. നീണ്ടകര മുതൽ ഇടപ്പള്ളിക്കോട്ട വരെ ദേശീയപാതയ്ക്ക് സമാന്തരമായി തീരദേശ പാത നിർമിക്കണമെന്നു കിഫ്ബി നിർദേശം നൽകിയിട്ടുണ്ട്. കെഎംഎംഎലിന്റെ സ്ഥലം കൂടി ഏറ്റെടുത്തു ദേശീയപാതയ്ക്ക് സമാന്തരമായി പാത നിർമിക്കണമെന്നാണ് നിർദേശം. മേഖലയിലെ എംഎൽഎമാരും ഈ ആവശ്യം ഉന്നയിച്ചിരുന്നു. ഇതു അടുത്ത ഘട്ടത്തിൽ പരിഗണിച്ചേക്കും.

വീടു നഷ്ടപ്പെട്ടു മാറി താമസിക്കേണ്ടി വരുന്നവർക്ക് ഭൂമിക്കും കെട്ടിടത്തിനും മറ്റും ലഭിക്കുന്ന നഷ്ടപരിഹാര തുകയ്ക്ക് പുറമേ 14.6 ലക്ഷം രൂപ കൂടി പ്രത്യേക പാക്കേജ് പ്രകാരം ലഭിക്കും. വീടു മാറുന്നതിനു 13 ലക്ഷവും സാധനങ്ങൾ ഒരുക്കുന്നതിനും യാത്ര തുടങ്ങിയവയ്ക്കുമായി 1.6 ലക്ഷം രൂപയുമാണു ലഭിക്കുന്നത്. വീടിന്റെ വിസ്തൃതി കണക്കാക്കാതെ എല്ലാവർക്കും ഇതേ തുക ലഭിക്കും. സ്വന്തം പേരിൽ വസ്തു ഇല്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവർക്കും ഈ തുക ലഭിക്കും. പുറമ്പോക്കിൽ താമസിക്കുന്നവർക്കു വീടിന്റെ നഷ്ടപരിഹാര തുകയും ലഭിക്കും. എന്നാൽ വസ്തുവിന്റെ വില ലഭിക്കില്ല.

തീരദേശ പാതയിൽ ഇരുവശത്തേക്കും കടക്കുന്നതിന് ജനങ്ങൾക്ക് തടസ്സമുണ്ടാകില്ല. മിക്ക സ്ഥലങ്ങളിലും നിലവിലുള്ള റോഡിന്റെ നിരപ്പിൽ തന്നെയാണ് പാത നിർമാണം. ഇരുവശവും ഓട ഉണ്ടാകും. റീച്ചിൽ ഒന്നിൽ മാത്രമാണ് കല്ലിടൽ പൂർത്തിയായത്. മുണ്ടയ്ക്കൽ ഭാഗത്ത് അലൈൻമെന്റിൽ നേരിയ വ്യത്യാസം വന്നു. 17.8 കിലോമീറ്റർ ആയിരുന്നു ആദ്യ അലൈൻമെന്റ്. പുതിയ അലൈൻമെന്റിൽ 17.6 കിലോമീറ്റർ ആയി ചുരുങ്ങി. തങ്കശ്ശേരി നീണ്ടകര റീച്ചിൽ കല്ലിടൽ പൂർത്തിയായിട്ടില്ല. ഈ മേഖലയിൽ സാമൂഹികാഘാത പഠനത്തിന്റെ ഭാഗമായി ഹിയറിങ് നടന്നു വരികയാണ്. ഇടപ്പള്ളിക്കോട്ട ആലപ്പാട് മേഖലയിൽ കല്ലിടൽ ആരംഭിച്ചില്ല.

തീരദേശ പാതയ്ക്ക് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഉടമകളെയും കച്ചവടക്കാരെയും ഉൾപ്പെടുത്തി തിരുമുല്ലവാരം സെന്റ് ജോൺസ് യുപി സ്കൂളിൽ യോഗം നടത്തി. സാമൂഹികാഘാത പഠനത്തിന്റെ ഭാഗമായാണ് യോഗം. മേഖലയിലെ രണ്ടാമത്തെ യോഗമായിരുന്നു ഇത്. മരുത്തടി ഒഴുക്കുതോട് മേഖലയിൽ, കയറ്റുമതി ചെയ്യുന്ന ജീവനുള്ള ശംഖിനെ കടൽ ജലം ഉപയോഗിച്ച് ശുദ്ധീകരിക്കുന്ന സ്ഥാപനങ്ങൾ പൂട്ടേണ്ടിവരുമെന്ന ആശങ്ക ഉടമകൾ പങ്കുവച്ചു. കേരളത്തിൽ ഇത്തരം യൂണിറ്റുകളുടെ 80 ശതമാനവും ഈ മേഖലയിലാണ്. മറ്റൊരു സ്ഥലത്ത് ഇതു നടത്താൻ കഴിയില്ല. മതിയായ നഷ്ടപരിഹാരം വേണമെന്നു ഉടമകൾ പറഞ്ഞു.

തൊഴിലാളികളുടെ എണ്ണം, കൂലി, സ്ഥാപനങ്ങളുടെ വരുമാനം ഉൾപ്പെടെയുള്ള രേഖാമൂലം നൽകാൻ അധികൃതർ നിർദേശിച്ചു. തങ്കശ്ശേരി, നീണ്ടകര മേഖലയിൽ കടൽ ഭിത്തിയോടു ചേർന്നു തീരദേശ പാത നിർമിക്കുകയും നീണ്ടകര പാലത്തിനു സമാന്തരമായി പാലം നിർമിക്കണമെന്നും ആവശ്യം ഉയർന്നു. ബദൽ നിർദേശം സർക്കാരന്റെ ശ്രദ്ധയിൽപെടുത്തുമെന്നു അധികൃതർ ഉറപ്പു നൽകി.

സാമൂഹികാഘാത വിലയിരുത്തൽ സമിതി ചെയർമാൻ എൻ. പ്രതാപൻ, ഡപ്യൂട്ടി തഹസിൽദാർ (എൽഎ കിഫ്ബി) ജി. അരുൺകുമാർ, കേരള റോഡ് ഫണ്ട് ബോർഡ് അസി. എക്സിക്യൂട്ടീവ് എൻജിനീയർ നിഷ കൗൺസിലർ എ. അശ്വതി, നാറ്റ്പാക് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. തീരദേശ പാതയ്ക്ക് ഏറ്റെടുക്കുന്ന വസ്തുവിനും കെട്ടിടങ്ങൾക്കും ഉയർന്ന നഷ്ടപരിഹാര തുക ലഭിക്കുന്നതിനു പുറമേ പ്രത്യേക പാക്കേജും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 2013 ലെ നിയമപ്രകാരമാണ് വസ്തു ഏറ്റെടുക്കുന്നത്.

# മത്സ്യത്തൊഴിലാളി മേഖലയിൽ പരമാവധി പേർക്ക് തൊഴിൽ : മന്ത്രി സജി ചെറിയാൻ

വൈപ്പിൻ മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള പരമാവധി പേർക്ക് തൊഴിൽ നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ. തൊഴിൽ തീരം പദ്ധതി പോലെ തീരദേശത്തെ മാത്രം ലക്ഷ്യം വച്ചുള്ള ഒരു പദ്ധതി നടപ്പാക്കുന്നത് ലോകത്ത് തന്നെ ആദ്യമായിട്ടായിരിക്കുമെന്നും മന്ത്രി പറഞ്ഞു. ഫിഷറീസ് വകുപ്പിന്റെ തൊഴിൽ തീരം കരിയർ കാറ്റലിസ്റ്റ് - നൈപുണ്യ പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

തീരദേശത്തെ നിത്യ ദാരിദ്ര്യം അവസാനിപ്പിക്കാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനും ലക്ഷ്യമിട്ടാണ് തൊഴിൽ തീരം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. കഴിഞ്ഞ എട്ട് വർഷത്തിനിടെ 86 പേരാണ് തീരദേശ മേഖലയിൽ നിന്ന് ഡോക്ടർമാരായത്. നിരവധി എൻജിനീയർമാരുണ്ടായി. വിദേശത്ത് ഉന്നതവിദ്യാഭ്യാസം നടത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അതിനുള്ള സഹായം ചെയ്യുമെന്നും മന്ത്രി പറഞ്ഞു. തൊഴിൽ, വിദ്യാഭ്യാസം, ക്ഷേമം, ഭവനം എന്നിവ അടങ്ങുന്ന പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്.

തീരദേശ മേഖലയിൽ ഇതിനോടകം 24,000 വീടുകളാണ് നൽകിയത്. വാസയോഗ്യമല്ലാത്ത വീടുകൾ നവീകരിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. വികസനത്തിന്റെ കാര്യത്തിൽ സങ്കുചിത മനോഭാവം ഇല്ലാതെ ഒന്നിച്ച് നിന്നാൽ വലിയ മാറ്റങ്ങൾ കൊണ്ട് വരാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വൈപ്പിൻ റൂറൽ അക്കാദമി ഫോർ മാനേജ്മെന്റ് സ്റ്റഡീസിൽ (റാംസ്) നടന്ന ചടങ്ങിൽ കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ അധ്യക്ഷനായി.

വിജ്ഞാന തൊഴിൽ മേഖലയിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള കുട്ടികളുടെ പ്രാതിനിധ്യം കുറവാണെന്നും അത് മനസിലാക്കിയാണ് ഫിഷറീസ് വകുപ്പ് തൊഴിൽ തീരം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

# ഗാനരചയിതാവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ അന്തരിച്ചു



കൊച്ചി: പ്രശസ്ത ഗാനരചയ്താവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ (78) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് കൊച്ചിയിലെ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം.

നിരവധി ശ്രദ്ധേയമായ ഗാനങ്ങളുടെ രചയ്താവാണ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ. 10 ൽ ഏറെ ചലചിത്രങ്ങൾക്ക് തിരക്കഥയും അദ്ദേഹം രചിച്ചിട്ടുണ്ട്. 200 സിനിമകളിലായി 700 ഗാനങ്ങളോളം അദ്ദേഹം രചിച്ചിട്ടുണ്ട്. ബാഹുബലി അടക്കം മൊഴിമാറ്റചിത്രങ്ങളിലെ സംഭാഷണവു തിരക്കഥയും എഴുതി.

കുട്ടനാട്ടിലെ മങ്കൊമ്പ് ഗ്രാമത്തിലാണ് ജനനം. വിമോചനസമരമാണ് അദ്ദേഹത്തിന്റെ ആദ്യ ചലച്ചിത്രം. നാടകങ്ങളിലൂടെയാണ് അദ്ദേഹം സിനിമ ഗാനരചനാരംഗത്തേക്ക് കടന്നുവന്നത്.

എം. എസ്. വിശ്വനാഥൻ, ദേവരാജൻ, എം. കെ. അർജുനൻ, രവീന്ദ്രജയിൻ, ബോംബെ രവി, കെ. വി. മഹാദേവൻ, ബാബുരാജ്, ഇളയരാജ, എ. ആർ. റഹ്മാൻ, കീരവാണി, ഹാരിസ് ജയരാജ്, യുവൻ ശങ്കർരാജ തുടങ്ങിയ പ്രമുഖ സംഗീതസംവിധായകർക്കൊപ്പം പ്രവർത്തിച്ചിട്ടുണ്ട്.

ഹരിഹരൻ എന്ന സംവിധായകനു വേണ്ടിയായിരുന്നു മങ്കൊമ്പ് ഗോപാലകൃഷ്ണൻ എറ്റവും കൂടുതൽ ഗാനങ്ങൾ രചിച്ചത്. ശ്രീകോവിൽ ചുമരുകൾ ഇടിഞ്ഞു വീണു (കേണലും കളക്ടറും), രാജസൂയം കഴിഞ്ഞു എന്റെ രാജയോഗം തെളിഞ്ഞു, കണ്ണാംപൊത്തിയിലേലേ (അമ്മിണി അമ്മാവൻ), കുങ്കുമസന്ധ്യാ ക്ഷേത്രക്കുളങ്ങരെ (മിസ്സി), പാലാഴിമങ്കയെ പരിണയിച്ചു, വർണ്ണ ചിറകുള്ള വനദേവതേ (സഖാക്കളേ മുന്നോട്ട്) എന്നിവയാണ് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഗാനങ്ങൾ.

# എസ് യു ടി ആശുപത്രിയിൽ വനിതാ ദിനാഘോഷം സംഘടിപ്പിച്ചു

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയിൽ വനിതാ ദിനം വിപുലമായി ആഘോഷിച്ചു. ആശുപത്രിയുടെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ഉദ്ഘാടനം ചെയ്തു.

സാഹിത്യ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഡോ. ശ്രീരേഖ പണിക്കർ (സീനിയർ കൺസൾട്ടന്റ് ഡർമറ്റോളജിസ്റ്റ്) നെ ചടങ്ങിൽ ആദരിച്ചു. കൂടാതെ, ആശുപത്രിയിൽ 30 വർഷം പൂർത്തിയാക്കിയ വനിതാ ജീവനക്കാരെയും ആദരിച്ചു.

എസ് യു ടി യുടെ Gift of Curls ക്യാംപെയിനിൽ പങ്കെടുത്ത് കാൻസർ രോഗികൾക്ക് മുടി ദാനം നൽകിയവരെയും ഈ അവസരത്തിൽ ആദരിക്കുകയുണ്ടായി. ആശുപത്രിയുടെ ക്ലിനിക്കൽ ന്യൂട്രിഷൻ & ഡയറ്ററ്റിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡയറ്റ് പ്രദർശനം, ഡയറ്റ് റിവ്യൂ, ഫൺ സോൺ എന്നിവയും സംഘടിപ്പിച്ചു.

വനിതാ ജീവനക്കാർക്ക് വേണ്ടി ലോക ഒബീസിറ്റി ദിനത്തിന്റെ ഭാഗമായി ആശുപത്രിയിൽ സുംബാ, യോഗ സെഷനുകൾ എന്നിവ ഉൾപ്പെടുത്തിയത് തികച്ചും സവിശേഷത നിറഞ്ഞ ഒരനുഭവമായിരുന്നു. ആശുപത്രിയുടെ സ്ത്രീശക്തിയെ ആദരിച്ച ഈ പരിപാടിയിൽ മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ, എച്ച് ആർ മാനേജർ ദേവി കൃഷ്ണ, ചീഫ് ലെയ്സൺ ഓഫീസർ രാധാകൃഷ്ണൻ നായർ ഡോക്ടർമാർ, വിവിധ വകുപ്പ് മേധാവികൾ, മറ്റു ജീവനക്കാർ ഉൾപ്പെടെ നിരവധി പേർ സന്നിഹിതരായിരുന്നു.



# വിദ്യാർഥിയെ വീട്ടിൽകയറി കുത്തിക്കൊന്നു; പ്രതി ട്രെയിനിന് മുന്നിൽചാടി ജീവനൊടുക്കി

കൊല്ലം: ഡിഗ്രി വിദ്യാർഥിയെ വീട്ടിൽ കയറി കുത്തിക്കൊന്ന പ്രതി ട്രെയിനിന് മുന്നിൽചാടി ജീവനൊടുക്കി. കൊല്ലം ഫാത്തിമ മാതാ കോളജിലെ രണ്ടാം വർഷ ബിസിഎ വിദ്യാർഥി ഫെബിൻ ജോർജ് ഗോമസ് (22) ആണ് മരിച്ചത്.

കൊലപാതകശേഷം സ്ഥലത്തു നിന്ന് രക്ഷപെട്ട പ്രതി ചവറ സ്വദേശി തേജസ് രാജിന്റെ (22) മൃതദേഹം റെയിൽവേ ട്രാക്കിൽ നിന്ന് കണ്ടെത്തി.



# സെക്രട്ടേറിയറ്റ് പരിസരം നിശ്ചലമാക്കി ആശമാർ; പോലീസ് നടപടിക്കു പിന്നാലെ റോഡിൽ കിടന്നും പ്രതിഷേധം

തിരുവനന്തപുരം: സെക്രട്ടേറിയറ്റ് പരിസരം നിശ്ചലമാക്കി ആശാപ്രവർത്തകർ. സർക്കാരിന്റെ കണ്ണുതുറക്കാൻ സെക്രട്ടേറിയറ്റ് ഉപരോധവും റോഡ് ഉപരോധവും ഉൾപ്പ ടെയുള്ള സമരമുറയാണ് ആശാപ്രവർത്തകർ ഇന്നു സ്വീകരിച്ചത്. നോർത്ത് ഗേറ്റിനോട് ചേർന്നുള്ള റോഡ് ആശാവർക്കർമാർ ഉപരോധിച്ചു. സെക്രട്ടേറിയറ്റിലേക്ക് കടക്കാനുള്ള കൻറോൺമെൻറ് ഗേറ്റ് ഒഴികെയുള്ള മൂന്ന് ഗേറ്റുകളും ആശാപ്രവർത്തകർ ഉപരോധിച്ചു.

ഉപരോധസമരം സമരസമതി പ്രസിഡൻറ് വി. കെ. സദാനന്ദൻ ഉദ്ഘാടനം ചെയ്തു. സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കെ. കെ. രമ എംഎൽഎയും കവി കുരീപ്പുഴ ശ്രീകുമാറും സമരവേദിയിലെത്തി. സെക്രട്ടേറിയറ്റ് ഉപരോധിച്ച ആശാ പ്രവർത്തകരെ പോലീസ് തടഞ്ഞതോടെ അവർ റോഡിൽ കിടന്നു പ്രതിഷേധിക്കുകയായിരുന്നു.

ഉപരോധം നേരിടാൻ വൻ പോലീസ് സന്നാഹത്തെ സെക്രട്ടേറിയറ്റിനും പരിസരത്തും വിന്യസിച്ചിരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള നൂറ് കണക്കിന് ആശാപ്രവർത്തകർ രാവിലെ തന്നെ സമര സ്ഥലത്തെത്തിയിരുന്നു. 36-ാം ദിവസമായിട്ടും തങ്ങളുടെ സമരം കണ്ടില്ലെന്ന് നടിക്കുന്ന സർക്കാരിന്റെ അവഗണനയ്ക്കെതിരേ ആശാപ്രവർത്തകർ രോഷാകുലരായി. നിയമലംഘന സമരത്തിലേക്ക് നീങ്ങാൻ സർക്കാർ തങ്ങളെ നിർബന്ധിതരാക്കിയെന്ന് ആശ സമരസമിതി നേതാക്കൾ പറഞ്ഞു. സമരക്കാരെ നേരിടാനായി 700 ൽപരം പോലീസുകാരെയാണ് നിയോഗിച്ചിരിക്കുന്നത്. തങ്ങൾക്ക് പ്രതിദിനം കിട്ടുന്ന 232 രൂപ കൊണ്ട് കുടുംബം പുലർത്താനാകാത്ത അവസ്ഥയാണ് നിലവിലുള്ളത്. സർക്കാർ ആശാപ്രവർത്തകരുടെ കണ്ണുനീരും സങ്കടവും കണ്ണ് തുറന്ന് കാണാൻ ഇനിയെങ്കിലും തയാറാകണമെന്നും ആശാ പ്രവർത്തകർ പറഞ്ഞു.

ആശാപ്രവർത്തകർക്കുള്ള ഓണറേറിയം 21000 രൂപയായി ഉയർത്തുക, വിരമിക്കൽ ആനുകുല്യം 5 ലക്ഷം രുപയാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് കഴിഞ്ഞ 36 ദിവസമായി ആശമാർ സെക്രട്ടേറിയറ്റ് പരിസരത്ത് രാപകൽ സമരം ആരംഭിച്ചത്. പൊതുസമൂഹത്തിന്റെയും വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും സമരത്തിന് പിന്തുണ വർധിച്ച് വരികയാണ്.

കേന്ദ്രമന്ത്രി സുരേഷ് ഗോപി ആശമാരുടെ സമരപന്തലിലെത്തുകയും പിന്തുണ അറിയിക്കുകയും ചെയ്തിരുന്നു. വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്ന് ഉറപ്പ് കൊടുത്തിരുന്നു. കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി. നദ്ദ ആശ പ്രവർത്തകരുടെ ഓണറേറിയം വർധിപ്പിക്കുമെന്ന് പാർലമെൻറിൽ വ്യക്തമാക്കിയിരുന്നു. കേന്ദ്രസർക്കാർ ആശ പ്രവർത്തകർക്ക് ഓണറേറിയം നൽകുന്നതിൽ കുടിശിക വരുത്തിയിട്ടില്ലെന്നും മുഴുവൻ തുകയും നൽകിയെന്നും കേന്ദ്ര സർക്കാർ കണക്കുകൾ പുറത്തുവിട്ടിരുന്നു.

സംസ്ഥാന സർക്കാർ ഈ കാര്യത്തിൽ ഓണറേറിയം വർധിപ്പിക്കാൻ തീരുമാനമെടുക്കണമെന്ന് ആശാ പ്രവർത്തകർ ആവശ്യം ഉന്നയിച്ചെങ്കിലും ആശമാരുടെ സമരം അനാവശ്യമാണെന്നാണ് സർക്കാർ നിലപാട് വ്യക്തമാക്കിയത്.



ലഹരിക്കെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നാഷണൽ സർവീസ് സ്കീം സംഘടിപ്പിക്കുന്ന ലൈഫ് ഈസ് ബ്യൂട്ടിഫുൾ ക്യാംപയിൻ സംസ്ഥാനതല ഉദ്ഘാടനം സെൻട്രൽ സ്റ്റേഡിയത്തിൽ മന്ത്രി ഡോ. ആർ ബിന്ദു നിർവഹിക്കുന്നു.

# ലഹരിക്കെതിരെ കൂട്ടായ പ്രതിരോധം ഉയർത്തണം : മന്ത്രി

## എൻ എസ് എസിന്റെ ലൈഫ് ഈസ് ബ്യൂട്ടിഫുൾ ക്യാംപയിന് തുടക്കം

കൗമാരക്കാരിലും യുവജനങ്ങളിലുമുൾപ്പെടെയുള്ള സർഗാത്മക, കർമ ശേഷികളെ നശിപ്പിച്ച് സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ലഹരിക്കെതിരെ കൂട്ടായ പ്രതിരോധം ഉയർത്തണമെന്ന് ഉന്നത വിഭ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദു. മാരക വിപത്തിനെതിരെ പൊതുസമൂഹത്തിലും ക്യാംപസുകളിലും ഹോസ്റ്റലുകളിലും നിരന്തര ഇടപെടലുകൾ നടത്തുമെന്നും സംസ്ഥാനത്തെ ലഹരിവിമുക്തമാക്കുക നമ്മുടെ ഉത്തരവാദിത്തമാണെന്നും മന്ത്രി പറഞ്ഞു. ലഹരിക്കെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പ്, നാഷണൽ സർവീസ് സ്കീമുമായി ചേർന്ന് സംഘടിപ്പിക്കുന്ന ലൈഫ് ഈസ് ബ്യൂട്ടിഫുൾ ക്യാംപയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം സെൻട്രൽ സ്റ്റേഡിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ലഹരിക്കെതിരെ ശക്തമായ നിലപാടുകളാണ് സംസ്ഥാനം സ്വീകരിച്ചുവരുന്നത്. എന്നാൽ ആഗോളതലത്തിൽ ലഹരിവല പിടിമുറുക്കിയതിനാലാണ് അതിന്റെ അനുരണനങ്ങൾ ഇവിടെയുമുണ്ടാകുന്നത്. ഈ വിപത്ത് മുന്നിൽക്കണ്ട് കഴിഞ്ഞ വർഷം നാഷണൽ സർവീസ് സ്കീമിന്റെ ഭാഗമായി ആരംഭിച്ച ആസാദ് സേനയ്ക്ക് മികച്ച പരിശീലന പദ്ധതി തയ്യാറാക്കി വോളന്റിയേഴ്സിന് പരിശീലനം നൽകാനായി. ഈ വർഷം സാമൂഹിക നീതി വകുപ്പിന്റെ സാമ്പത്തിക പിന്തുണ ലഭ്യമാക്കി സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കും. സഹപാഠികളിലൂടെ പ്രശ്നങ്ങൾ മനസ്സിലാക്കി ലഹരി വിപത്തുകൾക്ക് തടയിടും. ലഹരിയുടെ ഉറവിടങ്ങൾ മനസ്സിലാക്കി എക്സൈസ് ഉദ്യോഗസ്ഥരെ വിവരമറിയിക്കാൻ സേനയെ സജ്ജമാക്കും.ലൈഫ് ഈസ് ബ്യൂട്ടിഫുൾ ക്യാംപയിനിന്റെ ഭാഗമായി 1000 കേന്ദ്രങ്ങളിൽ ജനജാഗ്രതാ സദസ്സുകൾ സംഘടിപ്പിക്കും. ആദ്യ ഘട്ടമായി ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന സംവാദ സദസ്സുകൾ നടത്തും. സംസ്ഥാനത്തെ എല്ലാ ക്യാംപസുകളിലും മനുഷ്യച്ചങ്ങല ഒരുക്കും. ചിത്രം വരയ്ക്കുന്ന പ്രാദേശിക കലാകാരൻമാരേയും വിദ്യാർത്ഥികളേയും കോർത്തിണക്കി വാക്കും വരയും എന്ന ചിത്ര രചനാ സെഷനുകൾ സംഘടിപ്പിക്കും. ലഹരിയാകുന്ന ഇരുട്ടിൽ നിന്നും സാമൂഹിക നന്മയിലേക്കുള്ള തിരിവെട്ടം പകരാനുള്ള ദൗത്യങ്ങളുടെ പ്രതീകാത്മകമായി മൺ ചെരാതുകൾ തെളിക്കും. ക്യാംപസുകളിൽ ലഹരി വരുദ്ധ റാലികളും മാരത്തോണുകളും നടത്തുന്നതിനു പുറമേ ലഹരി വിരുദ്ധ പ്രതിജ്ഞ എടുപ്പിക്കും. ലഹരി വിരുദ്ധ മുദ്രാവാക്യ രചനാ, റീൽസ് മത്സരങ്ങൾ നടത്തും. ലഹരി വിരുദ്ധ സന്ദേശം പകരുന്നതിൽ മാതൃകാ പ്രവർത്തനം നടത്തുന്ന സന്നദ്ധപ്രവർത്തകരെ ആദരിക്കും. ലഹരി മുക്തി നേടിയവരുടെ സ്നേഹക്കൂട്ടായ്മകളും ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

ആസാദ് സേനക്കായി ഒരുക്കിയ ലഹരി വിമുക്ത ഗാനം മന്ത്രി പ്രകാശനം ചെയ്തു. ഹാപ്പിനെസ് അംബാസഡർ, ലഹരി വിമുക്ത കേരളം സെൽഫി ക്യാംപയിനുകൾക്കും മന്ത്രി തുടക്കമിട്ടു. സംസ്ഥാനത്തെ എൻ എസ് എസ് വോളന്റിയർമാർക്ക് മന്ത്രി ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

14 ജില്ലകളേയും കോർത്തിണക്കിയ ലഹരി വിരുദ്ധ ദീപശിഖാ പ്രയാണത്തിനും മനുഷ്യച്ചങ്ങലക്കും മന്ത്രി തുടക്കമിട്ടു. .

നാഷണൽ സർവീസ് സ്കീം കേരള റീജിയണൽ ഡയറക്ടർ എം യുപ്പിൻ , സംസ്ഥാന ഓഫീസർ ഡോ അൻസൻ ആർ എൻ, എൻഎസ്എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിപ്പിച്ചു. സംസ്ഥാനത്തെ ക്യാംപസുകളിലെ എൻഎസ്എസ് വിദ്യാർത്ഥികളുടെ സാംസ്കാരിക പരിപാടികളും അരങ്ങേറി.

# കേരള ശ്രീ ജേതാവായ ആശാ പ്രവർത്തക ഷൈജ ബേബി മന്ത്രി വീണാ ജോർജിനെ കണ്ട് സന്തോഷം പങ്കുവച്ചു

കേരള ശ്രീ ജേതാവും വയനാട്ടിലെ ആശാ പ്രവർത്തകയുമായ ഷൈജ ബേബി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിനെ നിയമസഭാ ഓഫീസിലെത്തി കണ്ട് സന്തോഷം പങ്കുവച്ചു. സാമൂഹ്യ സേവനത്തിനുള്ള കേരള ശ്രീ പുരസ്കാരം സ്വീകരിക്കാൻ തിരുവനന്തപുരത്ത് എത്തിയപ്പോഴാണ് മൂന്ന് മാസങ്ങൾക്ക് ശേഷം ഷൈജ ബേബി മന്ത്രിയെ നേരിട്ട് കണ്ടത്. ആപത്ത് സമയത്ത് എല്ലാ പിന്തുണയും നൽകിയതിന് മന്ത്രിയെ നന്ദി അറിയിച്ചു. കഴിഞ്ഞ ക്രിസ്തുമസ് ദിനത്തിൽ മന്ത്രി വീണാ ജോർജ് മേപ്പാടിയിലെത്തി ഉരുൾപൊട്ടലിൽ പ്രിയപ്പെട്ടവരെയും വീടുമൊക്കെ നഷ്ടപ്പെട്ട ആരോഗ്യ പ്രവർത്തകരെയും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ ആരോഗ്യ പ്രവർത്തകരെയും സന്ദർശിച്ചപ്പോൾ ഷൈജയെ വീട്ടിലെത്തി കണ്ടിരുന്നു.

ഷൈജയെ അതിനുമുമ്പ് മന്ത്രി കാണുന്നത് മേപ്പാടി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ മൃതദേഹങ്ങൾ ഷൈജ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾക്കിടയിലാണ്. ഉരുൾപൊട്ടലിൽ ബന്ധുക്കളായ 9 പേരെ നഷ്ടപ്പെട്ടപ്പോഴും മണ്ണിൽ പുതഞ്ഞ മൃതശരീരങ്ങൾക്കിടയിൽ നിന്ന് നൂറിലധികം പേരെ ഷൈജ ബേബി തിരിച്ചറിഞ്ഞിരുന്നു. ഉരുൾപൊട്ടൽ ദിവസം രാവിലെ മുതൽ മേപ്പാടി ആരോഗ്യ കേന്ദ്രത്തിലേക്ക് നിരവധി മൃതദേഹങ്ങൾ എത്തിയതോടെ തിരിച്ചറിയുന്നതെങ്ങനെയെന്ന് അറിയാതെ ബുദ്ധിമുട്ടി. ഈ സാഹചര്യത്തിലാണ് പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട വേദനയിലും മന:സാന്നിധ്യം കൈവിടാതെ ഷൈജ മൃതദേഹങ്ങളിലും ശരീര ഭാഗങ്ങളിലും ഓരോ വ്യക്തികളുടെയും ശാരീരിക പ്രത്യേകതകൾ ഓർത്തെടുത്ത് തിരിച്ചറിഞ്ഞത്.

വയനാട് ജില്ലയിലെ മേപ്പാടി സാമൂഹികാരോഗ്യ കേന്ദ്രത്തിന് കീഴിൽ കഴിഞ്ഞ 16 വർഷക്കാലമായി ആശാ പ്രവർത്തകയായി ഷൈജ ബേബി സേവനം അനുഷ്ഠിക്കുകയാണ്. ഉരുൾപൊട്ടൽ വിവരം ആദ്യം അറിഞ്ഞ നിമിഷം മുതൽ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ മുൻ നിരയിൽ സജീവമായിരുന്നു ഷൈജ. ബന്ധുക്കൾ പോലും തിരിച്ചറിയാതിരുന്ന സാഹചര്യത്തിൽ മുണ്ടക്കയിലെയും ചൂരൽമലയിലെയും ഓരോ വ്യക്തിയെയും അടുത്തറിയാവുന്ന ഷൈജയാണ് മൃതദേഹ ഭാഗങ്ങൾ പോലും തിരിച്ചറിഞ്ഞത്.

ആ ദുരിതത്തിന്റെ നടുക്കത്തിൽ നിന്നും വേദനയിൽ നിന്നും ഷൈജ ഇപ്പോഴും മോചിതയായിട്ടില്ല. ഷൈജയുടെ മികച്ച സേവനങ്ങൾക്ക് കേരള ശ്രീ പുരസ്കാരത്തിന് സംസ്ഥാന സർക്കാർ തിരഞ്ഞെടുത്തിരുന്നു. അത് ഏറ്റുവാങ്ങുന്നതിന് മകനും സഹോദരനും ഒപ്പമാണ് ഷൈജ ബേബി തിരുവനന്തപുരത്ത് എത്തിയത്.

# രാജ്യാന്തര സെമിനാർ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

പൊതുധനകാര്യ സമീപനങ്ങളെക്കുറിച്ചുള്ള പുനർവിചിന്തനം എന്ന വിഷയത്തിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ മാർച്ച് 18 മുതൽ 21 വരെ സംഘടിപ്പിക്കുന്ന രാജ്യാന്തര സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മാർച്ച് 18 വൈകിട്ട് 5 ന് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ധനമന്ത്രി കെ എൻ ബാലഗോപാൽ അദ്ധ്യക്ഷനാകും. റിസർവ് ബാങ്ക് മുൻ ഗവർണർ ഡോ സി രംഗരാജൻ മുഖ്യപ്രഭാഷണം നടത്തും.മുൻ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സണുമായ കെ എം ചന്ദ്രശേഖർ, പ്രമുഖ സാമ്പത്തിക വിദഗ്ധൻ പ്രഭാത് പട്നായിക്, ഷാനെ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ചീഫ് ഡയറക്ടർ രസിഗൻ മഹാരാജ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ പ്രൊഫ കെ ജെ ജോസഫ്, അസിസ്റ്റന്റ് പ്രൊഫസർ ഡോ രഞ്ജിത് പിഎസ്, എംഎസ്ഇ ഡയറക്ടർ പ്രൊഫ എൻ ഭാനുമൂർത്തി തുടങ്ങിയവർ സംബന്ധിക്കും.തുടർന്നുള്ള മൂന്നു ദിവസങ്ങളിലായി വിവിധ വിഷയങ്ങളിൽ പ്ലീനറി സെഷനുകളും ടെക്നിക്കൽ സെഷനുകളും ക്രമീകരിച്ചിട്ടുണ്ട്.

# ആധുനിക സാങ്കേതിക വിദ്യകളിലെ സംയുക്ത പരിശീലനത്തിനായി ധാരണാപത്രം ഒപ്പുവെച്ചു

കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് (ഡി.ടി.ഇ കേരള) കീഴിലുള്ള സ്ഥാപനങ്ങളിലെ അധ്യാപകർക്കും വിദ്യാർഥികൾക്കുമായി ആധുനിക സാങ്കേതിക വിദ്യകളിൽ സംയുക്തമായ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന് കേരള സർക്കാർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് (ഡി.ടി.ഇ) നൈലിറ്റ് കാലിക്കറ്റുമായി ധാരണാപത്രം (ങീഡ) ഒപ്പുവെച്ചു.

നൈലിറ്റ് കാലിക്കറ്റ് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ഷാലിജ് പി.ആർഉം നൈലിറ്റ് കാലിക്കറ്റ് ഡയറക്ടർ ഡോ.പ്രതാപ് കുമാർ എസുമാണ് ധാരണാപത്രം ഒപ്പുവെച്ചത്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടർ സീമ കെ.എൻ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫി ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് ആൻഡ് റിസർച്ച് (എസ്.ഐ.ടി.ടി.ടി.ആർ) കളമശ്ശേരി ജോയിന്റ് ഡയറക്ടർ അനി അബ്രഹാം, നൈലിറ്റ് കാലിക്കറ്റ് സീനിയർ ടെക്നിക്കൽ ഓഫീസർ ശ്രീജീഷ് എസ്.ജി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. സഹകരണത്തിന്റെ ഭാഗമായി ഡി.ടി.ഇയുടെ കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിലെ അധ്യാപകർക്കും വിദ്യാർഥികൾക്കും കട്ടിങ്ങ് എഡ്ജ് സാങ്കേതിക വിദ്യകളിൽ പ്രായോഗിക പരിശീലനം, ഗവേഷണ സാധ്യതകൾ, ഇൻഡസ്ട്രി- അക്കാഡമിയ സഹകരണ പദ്ധതികൾ എന്നിവ നൈലിറ്റ് കാലിക്കറ്റ് ലഭ്യമാക്കും. കൂടാതെ നവീന കോഴ്സുകളുടെ വികസനം, സമകാലിക സാങ്കേതിക വിദ്യകളിൽ പരിശീലനം, ഉന്നത നിലവാരമുള്ള പ്രോജക്ട് മാർഗ നിർദ്ദേശങ്ങൾ എന്നിവയുടെ പ്രയോജനം കൂടി ഈ ധാരണാപത്രം വഴി ഉറപ്പാക്കുമെന്ന് അധികൃതർ അറിയിച്ചു.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് ആൻഡ് റിസർച്ച് കളമശ്ശേരി ആണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് വേണ്ടി നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

# സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി റോബോട്ടിക്സിൽ ബൂട്ട് ക്യാമ്പ്

അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) 8 മുതൽ 10 ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി റോബോട്ടിക്സിൽ 5 ദിവസം നീണ്ടുനിൽക്കുന്ന ബൂട്ട് ക്യാമ്പ് സംഘടിപ്പിക്കുന്നു.

കാര്യവട്ടം സ്പോർട്സ് ഹബ്ബിലെ ഐസിഫോസിൽ 2 ബാച്ചുകളായാണ് പ്രോഗ്രാം നടത്തുന്നത്. ആദ്യ ബാച്ച് 2025 ഏപ്രിൽ 1 മുതൽ 5 വരെയും, രണ്ടാം ബാച്ച് 2025 ഏപ്രിൽ 21 മുതൽ 25 വരെയുമാണ് നിശ്ചയിച്ചിരിക്കുന്ന സമയക്രമം. തത്സമയ ക്ലാസുകൾ, സാങ്കേതിക വിദഗ്ദർ നയിക്കുന്ന സെഷനുകൾ, ഘടനാപരമായ പാഠ്യപദ്ധതി, സിമുലേഷനുകളിലൂടെയും പ്രോജക്ടുകളിലൂടെയുമുള്ള പ്രായോഗിക പരിജ്ഞാനം എന്നിവ ഈ കോഴ്സിന്റെ പ്രധാന സവിശേഷതകളാണ്. ഓഫ് ലൈൻ മോഡിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ നടത്തുന്ന ഈ ക്യാമ്പിലൂടെ റോബോട്ടിക്സിന്റെ വിവിധ നവീന മേഖലകൾ പരിചയപ്പെടാനും, തത്സമയ കോഡിങ് സെഷനുകളിലൂടെയും, പ്രോജക്ടുകളിലൂടെയും കുട്ടികളുടെ സാങ്കേതിക അഭിരുചി ശക്തിപ്പെടുത്താനും കോഴ്സ് സഹായിക്കുന്നു. വിരസത നിറഞ്ഞ പരമ്പരാഗത പാഠ്യപദ്ധതിയിൽ നിന്നും വേറിട്ട് കുട്ടികൾക്ക് രസകരവും കൗതുകമേറിയതുമായ രീതിയിലാണ് പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കുന്നവരുടെ എണ്ണം ഓരോ ബാച്ചിലും 30 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ആദ്യം രജിസ്റ്റർ ചെയ്യുന്നവരെയാണ് ആദ്യം പരിഗണിക്കുന്നത്. രജിസ്ട്രേഷൻ ഫീ : 3,350 രൂപയാണ്. മാർച്ച് 26 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും https://icfoss.in/event-details/207 എന്ന വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ രാവിലെ 10 മണി മുതൽ വൈകുന്നരം 5 മണി വരെ +91 7356610110, +91 471 2413012 / 13 / 14, +91 9400225962 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# പുരസ്കാര വിതരണം

കുടുംബശ്രീ സംഘടിപ്പിച്ച ഫോട്ടോഗ്രാഫി-ചെറുകഥ-ഉപന്യാസ മത്സരങ്ങളിലെ വിജയികൾക്കുള്ള പുരസ്കാര വിതരണം മാസ്കറ്റ് ഹോട്ടൽ സിംഫണി ഹാളിൽ മാർച്ച് 18ന് വൈകിട്ട് 5 മണിക്ക് നടക്കും. തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പു മന്ത്രി എം ബി രാജേഷ് അവാർഡുകൾ വിതരണം ചെയ്യും.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശർമിള മേരി ജോസഫ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, ഏകോപിത തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ, കുടുംബശ്രീ ഐ & എഫ് ഡയറക്ടർ കെ എസ് ബിന്ദു, കുടുംബശ്രീ ഗവേർണിങ് ബോഡി അംഗങ്ങളായ ഗീത നസീർ, സ്മിത സുന്ദരേശൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# ബാച്ചിലർ ഓഫ് ഡിസൈൻ കോഴ്സിലേക്ക് അപേക്ഷിക്കാം

കേരള സർക്കാരിനു കീഴിൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള, ബാച്ചിലർ ഓഫ് ഡിസൈൻ (ഫാഷൻ ഡിസൈൻ) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ഏതെങ്കിലും അംഗീകൃത പരീക്ഷ ബോർഡിന്റെ പ്ലസ് ടു യോഗ്യതാപരീക്ഷ വിജയിച്ചിരിക്കണം. എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ ബാച്ചിലർ ഓഫ് ഡിസൈൻ കോഴ്സിന് ചേരാൻ അർഹതയുണ്ടാവുകയുള്ളു.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ കേന്ദ്രങ്ങളിലാണ് പ്രവേശന പരീക്ഷ നടത്തുന്നത്. പരീക്ഷ തീയതി പിന്നീട് അറിയിക്കും. പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിലാണ് ഈ കോഴ്സിലേക്കുള്ള പ്രവേശനം നടത്തുന്നത്. www.iftk.ac.in അല്ലെങ്കിൽ www.lbscentre.kerala.gov.in എന്നീ വെബ്സൈറ്റുകൾ വഴി മേയ് 31 നകം അപേക്ഷാ ഫീസ് ഓൺലൈനായി ഒടുക്കി അപേക്ഷ സമർപ്പിക്കാം. പൊതുവിഭാഗത്തിന് 1,500 രൂപയും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് 750 രൂപയുമാണ് അപേക്ഷാ ഫീസ്. വ്യക്തിഗത വിവരങ്ങൾ വെബ്സൈറ്റിലൂടെ ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം ഓൺലൈൻ മുഖേന അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്ലോഡ് ചെയ്യണം. കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക്: 0474 2547775, 9447710275, 0471-2560327.

# അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ പട്ടികവർഗ്ഗ റെസിഡൻഷ്യൽ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ പട്ടികവർഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഞാറനീലി ഡോ.അംബേദ്കർ വിദ്യാനികേതൻ സിബിഎസ്ഇ സ്കൂളിലേക്ക് 2025-26 അധ്യയന വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിനെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റസിഡൻഷ്യൽ സ്വഭാവമുള്ളതിനാൽ സ്കൂളിൽ താമസിച്ച് ജോലി ചെയ്യുന്നതിന് സമ്മതമുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.മാർച്ച് 22 വരെ അപേക്ഷ സമർപ്പിക്കാം. അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കിൽ കുറയാതെ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദവും ടീച്ചിംഗ് ഡിഗ്രിയുമാണ് (ബി.എഡ്) യോഗ്യത. കമ്പ്യൂട്ടർ പരിജ്ഞാനം അധിക യോഗ്യതയായി പരിഗണിക്കും. സി.ബി.എസ്.ഇ അഫിലിയേറ്റഡ് സീനിയർ സെക്കണ്ടറി സ്കൂളിലോ ബിരുദ/ ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലോ കുറഞ്ഞത് 3 വർഷം പ്രിൻസിപ്പലായി ജോലി ചെയ്ത പ്രവർത്തി പരിചയം ആവശ്യമാണ്. അപേക്ഷ അയക്കേണ്ട മേൽവിലാസം: ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, 4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം, പിൻ: 695033, ഫോൺ: 0471 2304594, 0471 2303229. ഇ മെയിൽ : keralatribes@gmail.com .

# അറിയിപ്പ്

സ്റ്റേഷനറി സാധനങ്ങളുടെ വാർഷിക സ്റ്റോക്കെടുപ്പ് പ്രമാണിച്ച് ഏപ്രിൽ 1, 2 ദിവസങ്ങളിൽ സെക്രട്ടറിയേറ്റ് സ്റ്റേഷനറി ആഫീസിൽ സ്റ്റേഷനറി വിതരണം ഉണ്ടായിരിക്കുന്നതല്ല.




*തിരുവനന്തപുരം ടെക്നോപാർക്കിൽ ബെംഗളൂരുവിലെ ജർമ്മൻ ബിസിനസ് ഗ്രൂപ്പ് പ്രതിനിധി സംഘവുമായി ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട) സംവദിക്കുന്നു*

# ഇന്തോ – ജർമ്മൻ പ്രതിനിധി സംഘം ടെക്നോപാർക്ക് സന്ദർശിച്ചു

### ബെംഗളൂരുവിലെ ജർമ്മൻ ബിസിനസ് ഗ്രൂപ്പ് (ജിബിജി)അംഗങ്ങൾ ടെക്നോപാർക്ക് സിഇഒയുമായി ചർച്ച നടത്തി

തിരുവനന്തപുരം: സംസ്ഥാനത്തെ ഊർജ്ജസ്വലമായ ഐടി ആവാസവ്യവസ്ഥയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ജർമ്മൻ ബിസിനസ് ഗ്രൂപ്പിൽ (ജിബിജി) നിന്നുള്ള ഉന്നത ബിസിനസ് പ്രതിനിധി സംഘം ടെക്നോപാർക്ക് സന്ദർശിച്ചു.

കേരളത്തിൻറെ ഐടി ആവാസവ്യവസ്ഥയുമായി സഹകരിക്കുന്നതിൽ താൽപ്പര്യം പ്രകടിപ്പിച്ച 12 അംഗ പ്രതിനിധി സംഘം ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായരു(റിട്ട)മായി സംവദിച്ചു. സംസ്ഥാന ഐടി ആവാസവ്യവസ്ഥയുടെ പ്രധാന സവിശേഷതകളെക്കുറിച്ചും ടെക്നോപാർക്കിൻറെ നേട്ടങ്ങളെക്കുറിച്ചും അദ്ദേഹം അവതരണം നടത്തി.സന്തുലിതമായ വളർച്ചയ്ക്കായി സാങ്കേതികവിദ്യയുടെയും പരിസ്ഥിതിയുടെയും സംയോജനത്തിന് ടെക്നോപാർക്ക് പ്രാധാന്യം നൽകുന്നുവെന്ന് സിഇഒ പറഞ്ഞു. സാമൂഹിക-സാമ്പത്തിക വികസനം ഉൾപ്പെടെ നിരവധി കാര്യങ്ങളിൽ കേരളം മുൻപന്തിയിലാണ്. മികച്ച ഐടി ആവാസവ്യവസ്ഥയ്ക്ക് പുറമേ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, നൈപുണ്യ ശേഷിയുള്ള പ്രൊഫഷണലുകൾ, കണക്റ്റിവിറ്റി എന്നിവയും തിരുവനന്തപുരം നഗരം ഉറപ്പാക്കുന്നു. ടെക്നോപാർക്കിലെ പ്രവർത്തനച്ചെലവ് ടയർ വൺ നഗരങ്ങളെ അപേക്ഷിച്ച് 30 ശതമാനം കുറവാണ്. നിക്ഷേപ വളർച്ചയുടെ കാര്യത്തിൽ ഗണ്യമായ പുരോഗതിയാണ് തിരുവനന്തപുരത്തിനുള്ളത്. നിക്ഷേപകർക്ക് ആവശ്യമായ എല്ലാ വിഭവങ്ങളും ഒരുമിച്ച് കൊണ്ടുവന്ന് പ്രവർത്തനങ്ങൾ സുഗമമാക്കാൻ ടെക്നോപാർക്കിന് സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ടെക്നോപാർക്കിലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തെയും ഭൂമി ലഭ്യതയെയും കുറിച്ചുള്ള പ്രതിനിധി സംഘത്തിൻറെ ചോദ്യങ്ങൾക്കും കേണൽ സഞ്ജീവ് നായർ (റിട്ട) മറുപടി നൽകി.സാക്ഷരതയിലും നൈപുണ്യ ശേഷിയിലും മികവുള്ള കേരളം ഉൽപ്പാദന, സേവന മേഖലകൾക്ക് ഒരുപോലെ അനുയോജ്യമായ സ്ഥലമാണെന്ന് ജർമ്മൻ ബിസിനസ് ഗ്രൂപ്പിൻറെ ചെയർമാൻ ഹ്യൂബർട്ട് റെയ് ലാർഡ് പറഞ്ഞു. ഇത് ഒരേസമയം മെച്ചപ്പെട്ട ഉൽപ്പാദനക്ഷമതയും വേഗത്തിലുള്ള പഠനവും വാഗ്ദാനം ചെയ്യുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.ഐജിസിസി ബാംഗ്ലൂർ പ്രതിനിധി സംഘത്തിൽ ബ്രെമർ ഇന്ത്യ എഞ്ചിനീയറിംഗിൽ നിന്നുള്ള ഡിർക്ക് എച്ച് ഉർബനെക്, പി.എൻ കാരന്ത് (പ്രൈം ടെക് സർവീസസ്), ദിലീപ് കുമാർ (ഡിറാക് ഇന്ത്യ പാനൽ ഫിറ്റിംഗ്സ്), നിഖിൽ അഗർവാൾ (നാഗൽ സ്പെഷ്യൽ മെഷീൻസ്), മാർക്കസ് ഫെഫെറർ (കൊമാനോ അഡ്വൈസറി എൽഎൽപി), കിഷോർ കുമാർ (സ്റ്റാറാഗ് ഇന്ത്യ), ശ്രീനിവാസ് കാമിഷെട്ടി (സ്പെയർ ലോജിക് എൽഎൽപി), ഹ്യൂബർട്ട് റെയ് ലാർഡ്(കൊമാനോ അഡ്വൈസറി എൽഎൽപി), മധുസൂദനൻ (ഇന്തോ-ജർമ്മൻ ചേംബർ ഓഫ് കൊമേഴ്സ്), സുമിത് ശർമ്മ (പൽനാർ ട്രാൻസ്മീഡിയ), ഡോ. സയിദ് ഇബ്രാഹിം (ഐവർക്സ് ജിഎംബിഎച്ച് ആൻഡ് കോ.കെജി) എന്നിവരും ഉൾപ്പെടുന്നു.

# ബുധനാഴ്ച തന്നെ ഭൂമിയെ തൊടും; സുനിത വില്യംസിന്റെ മടക്കയാത്രാ സമയം പുനഃക്രമീകരിച്ചു

ന്യൂയോർക്ക്: സുനിത വില്യംസിനെയും ബുച്ച് വിൽമറിനെയും ഭൂമിയിൽ തിരിച്ചെത്തിക്കാൻ പുറപ്പെട്ട സ്പേസ് എക്സിന്റെ ക്രൂ-9 സംഘത്തിന്റെ മടക്കയാത്രയുടെ സമയം പുനഃക്രമീകരിച്ച് നാസ.

ചൊവ്വാഴ്ച രാവിലെ എട്ടേകാലോടെ യാത്രികരുമായി ഡ്രാഗൺ ഫ്രീഡം പേടകത്തിന്റെ വാതിലുകൾ അടയും. തുടർന്ന് 10. 35ഓടെ പേടകം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് വേർപെടും. തുടർന്ന് 17 മണിക്കൂറോളം നീളുന്ന യാത്രയ്ക്കുശേഷം ബുധനാഴ്ച പുലർച്ചെ 3.27ഓടെ പേടകം ഫ്ലോറിഡയുടെ തീരത്തോട് ചേർന്ന് കടലിൽ ഇറങ്ങും.

ഞായറാഴ്ചയാണ് ഡ്രാഗൺ പേടകം അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷനുമായി സന്ധിച്ചത്. അമേരിക്കയുടെ ആനി മക്ക്ലെയിൻ, നിക്കോൾ അയേഴ്സ്, ജപ്പാന്റെ താക്കുയ ഒനിഷി, റഷ്യയുടെ കിറിൾ പെസ്കോവ് എന്നീ ബഹിരാകാശ സഞ്ചാരികളാണ് ഡ്രാഗൺ പേടകത്തിൽ സ്റ്റേഷനിലെത്തിയത്.

സുനിതയ്ക്കും വിൽമറിനുമൊപ്പം അമേരിക്കയുടെ നിക്ക് ഹേഗ്, റഷ്യയുടെ അലക്സാണ്ടർ ഗോർബുനേവ് എന്നീ ബഹിരാകാശ സഞ്ചാരികളും ഭൂമിയിലേക്കു മടങ്ങുന്നുണ്ട്. ഭൂമിയിൽ അനുകൂല കാലാവസ്ഥയ്ക്ക് വേണ്ടിവന്നാൽ മടക്കയാത്രയ്ക്കു ചെറിയ താമസം ഉണ്ടായേക്കുമെന്ന് നാസ അറിയിച്ചിട്ടുണ്ട്. ബോയിംഗ് കന്പനി വികസിപ്പിച്ച സ്റ്റാർലൈനർ പേടകത്തിന്റെ പരീക്ഷണ വിക്ഷേപണത്തിലാണു സുനിതയും വിൽമറും കഴിഞ്ഞവർഷം ജൂൺ ആദ്യം ബഹിരാകാശ സ്റ്റേഷനിലെത്തിയത്. എട്ടു ദിവസത്തിനുശേഷം മടങ്ങാനായിരുന്നു പദ്ധതി. എന്നാൽ സ്റ്റാർലൈനർ പേടകത്തിനു തകരാർ ഉണ്ടായതോടെ ഇരുവരും ഒന്പതു മാസമായി സ്റ്റേഷനിൽ കുടുങ്ങുകയായിരുന്നു.

## ആഞ്ഞടിച്ചു ചുഴലിക്കാറ്റുകൾ; അമേരിക്കയിൽ 34 പേർ മരിച്ചു

വാഷിംഗ്ടൺ ഡിസി: അമേരിക്കയിലെ തെക്കുകിഴക്കൻ സംസ്ഥാനങ്ങളിലുണ്ടായ ചുഴലിക്കാറ്റുകളിൽ 34 പേർ മരിച്ചു. ഒട്ടനവധിപ്പേർക്കു പരിക്കേറ്റിട്ടുണ്ട്. നൂറുകണക്കിനു ഭവനങ്ങളും വാഹനങ്ങളും നശിച്ചു. ഏഴു സംസ്ഥാനങ്ങളിലായി രണ്ടര ലക്ഷം പേർക്കു വൈദ്യുതി ഇല്ലാതായി.

മിസൗറി, മിഷിഗൺ, ഇല്ലിനോയ്, ലൂയിസിയാന, ടെന്നസി മുതലായ സംസ്ഥാനങ്ങളിലാണു ചുഴലിക്കാറ്റുകളുണ്ടായത്. മിസൗറി സംസ്ഥാനത്ത് 12 പേർ മരിച്ചു. ഇവിടെ 25 കൗണ്ടികളിലായി 19 ചുഴലിക്കാറ്റുകൾ വീശി. മിസിസിപ്പിയിൽ ആറു പേരുടെ മരണം റിപ്പോർട്ട് ചെയ്തു. ചുഴലിക്കാറ്റുകൾ ഇനിയും ഉണ്ടാകാമെന്നാണു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ അറിയിപ്പ്. മിസിസിപ്പി, ലൂയിസിയാന, ടെന്നസീ സംസ്ഥാനങ്ങളിൽ കനത്ത മഴയ്ക്കും വെള്ളപ്പൊക്കത്തിനും സാധ്യതയുണ്ട്. ടെന്നസിയിലെ ഷെൽബിയിൽ നൂറു കിലോമീറ്ററിനടുത്ത് വേഗത്തിലാണു ചുഴലിക്കാറ്റ് വീശിയത്.

ജോർജിയ, ടെക്സസ് സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്. ചുഴലിക്കാറ്റുകൾ മൂലം സെൻട്രൽ സംസ്ഥാനങ്ങളിൽ നൂറിലധികം കാട്ടുതീ രൂപംകൊണ്ടതായും റിപ്പോർട്ടുണ്ട്.

## വിദ്യാർഥിനികളോട് മോശം പെരുമാറ്റം: കോളജ് പ്രഫസറെ സസ്പെൻഡ് ചെയ്തു

ലക്നോ: വിദ്യാർഥിനികളെ ലൈംഗികമായി ചൂഷണം ചെയ്തുവെന്ന പരാതിയിൽ കോളജ് പ്രഫസറെ സസ്പെൻഡ് ചെയ്തു. സംഭവത്തിൽ ഹത്രാസിലെ സേത് ഫൂൽ ചന്ദ് ബഗ്‌ല പിജി കോളജിലെ ഭൂമിശാസ്ത്ര വിഭാഗം മേധാവി പ്രൊഫസർ രജനിഷിനെതിരെ പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തതായി സർക്കിൾ ഓഫീസർ യോഗേന്ദ്ര കൃഷ്ണ നരേൻ പറഞ്ഞു. പെൺകുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നുവെന്ന് ആരോപിച്ച് ഇയാൾക്കെതിരെ മാർച്ച് 13നാണ് അജ്ഞാത വ്യക്തിയിൽ നിന്നും പോലീസിന് പരാതി ലഭിച്ചത്.

വിഷയത്തിൽ വിശദമായ അന്വേഷണം നടക്കുകയാണെന്നും പരാതിക്കാരനെ കണ്ടെത്താൻ ശ്രമിക്കുകയാണെന്നും പോലീസ് കൂട്ടിച്ചേർത്തു. പ്രഫസർ പെൺകുട്ടികളോട് അപമര്യാദയായി പെരുമാറുന്നതിന്റെ ചിത്രങ്ങളും പരാതി നൽകിയ വ്യക്തി പോലീസിന് കൈമാറിയിട്ടുണ്ട്.

പോലീസ് കേസെടുത്തതിന് പിന്നാലെ സേത് ഫൂൽ ചന്ദ് ബഗ്‌ല പിജി കോളജ് സെക്രട്ടറി പ്രദീപ് കുമാർ ബഗ്‌ല, പ്രഫസറെ സസ്പെൻഡ് ചെയ്തു. കഴിഞ്ഞ 18 മാസമായി താൻ ഇത്തരം ആരോപണങ്ങൾ നേരിടുന്നുണ്ടെന്നും നിരവധി അന്വേഷണങ്ങളും നടന്നിട്ടുണ്ടെന്നും ആരോപണവിധേയനായ പ്രഫസർ പറഞ്ഞു.

## ബലൂചിസ്ഥാനിൽ ചാവേർ ആക്രമണം; അഞ്ചു പേർ കൊല്ലപ്പെട്ടു

കറാച്ചി: പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിൽ ചാവേർ ആക്രമണത്തിൽ മൂന്നു പാരാമിലിട്ടറി സൈനികർ ഉൾപ്പെടെ അഞ്ചുപേർ കൊല്ലപ്പെട്ടു. മുപ്പതിലേറെ പേർക്കു പരിക്കേറ്റു. മരണസംഖ്യ ഉയർന്നേക്കാമെന്നാണു റിപ്പോർട്ട്. നോഷ്കി-ദൽബന്ദിയാൻ ദേശീയപാതയിൽ ഫ്രോണ്ടിയർ കോറിന്റെ വാഹനവ്യൂഹത്തിനു നേർക്കാണ് ബലൂച് ലിബറേഷൻ ആർമി(ബിഎൽഎ) ഭീകരർ ആക്രമണം നടത്തിയത്.

ചാവേർ ഉൾപ്പെടെ മൂന്നു ഭീകരരും കൊല്ലപ്പെട്ടു. കഴിഞ്ഞയാഴ്ച ജാഫർ എക്സ്പ്രസ് ട്രെയിൻ റാഞ്ചിയത് ബിഎൽഎ ഭീകരരായിരുന്നു.

ഫ്രോണ്ടിയർ കോർ വാഹനവ്യൂഹത്തിലേക്ക് ചാവേർ മോട്ടോർ സൈക്കിൾ ഓടിച്ചുകയറ്റുകയായിരുന്നു. സ്ഫോടനത്തെത്തുടർന്ന് മറ്റു ഭീകരർ വെടിവയ്പ് നടത്തി. സുരക്ഷാസൈനികർ നടത്തിയ പ്രത്യാക്രമണത്തിൽ രണ്ടു ഭീകരർ കൊല്ലപ്പെട്ടു.

## ആന എഴുന്നള്ളിപ്പ് തടയാനുള്ള നീക്കമാണ് ഹൈക്കോടതിയുടേതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഉത്സവങ്ങളിൽ ആന എഴുന്നള്ളിപ്പ് പൂർണമായി തടയാനുള്ള നീക്കമാണ് കേരള ഹൈക്കോടതി നടത്തുന്നതെന്ന് സുപ്രീം കോടതി നിരീക്ഷണം. ആന എഴുന്നള്ളിപ്പ് സംസ്കാരത്തിന്റെ ഭാഗമാണെന്ന് ജസ്റ്റീസുമാരായ ബി. വി. നാഗരത്ന, സതീഷ് ചന്ദ്ര ശർമ്മ എന്നിവരടങ്ങിയ ബെഞ്ച് അഭിപ്രായപ്പെട്ടു.

കേസിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പടുവിച്ച ഇടക്കാല ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. ആനകളുടെ സർവേ നടത്തണം എന്നത് ഉൾപ്പെടെയുള്ള നിർദേശമാണ് സ്റ്റേ ചെയ്തത്. ഹൈക്കോടതി ഉത്തരവിനെതിരെ വിശ്വ ഗജ സേവാ സമിതി നൽകിയ ഹർജിയിലാണ് സുപ്രീം കോടതി നടപടി. വളർത്തുനായയായ ബ്രൂണോ കൊല്ലപ്പെട്ടതിനെ തുടർന്ന് സ്വമേധയാ എടുത്ത കേസിലാണ് ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഹൈക്കോടതി പുറപ്പടിവിച്ചതെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി. നായക്ക് എതിരായ ക്രൂരതയിൽ എടുത്ത കേസ് എങ്ങനെ ആനയിലേക്ക് എത്തിയെന്നും ജസ്റ്റീസ് നാഗരത്ന ചോദിച്ചു.

അതേസമയം ആന എഴുന്നെള്ളിപ്പ് കേസിൽ ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഹർജികൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്ന ആവശ്യത്തിൽ സുപ്രീം കോടതി ഇടപെട്ടില്ല. പാറമേക്കാവ്, തിരുമ്പമ്പാടി ദേവസ്വങ്ങൾ നൽകിയ ഹർജിയിൽ നിലവിൽ ഇടപെടാനില്ലെന്ന് ജസ്റ്റീസ് നാഗരത്ന അറിയിച്ചു.

# ഹൂതികൾക്കെതിരേ യുഎസ് ആക്രമണം

സനാ: പ്രസിഡൻറ് ട്രംപിന്റെ ഉത്തരവു പ്രകാരം അമേരിക്കൻ സേന യെമനിലെ ഹൂതി വിമതർക്കെതിരേ സൈനികനടപടി ആരംഭിച്ചു. ശനിയാഴ്ച രാത്രി അമേരിക്കൻ പോർവിമാനങ്ങൾ ഹൂതികളുടെ ശക്തികേന്ദ്രങ്ങളിൽ ആക്രമണം നടത്തി. 31 പേർ കൊല്ലപ്പെടുകയും 101 പേർക്കു പരിക്കേൽക്കുകയും ചെയ്തതായും ഇതിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളുമാണെന്നും ഹൂതികൾ അറിയിച്ചു. ഹൂതികൾ പലസ്തീന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ചെങ്കടലിലൂടെ പോകുന്ന കപ്പലുകൾ ആക്രമിക്കുന്നതിന്റെ പേരിലാണു സൈനികനടപടിയെന്നു വ്യക്തമാക്കിയ ട്രംപ് ഹൂതികളെ പിന്തുണയ്ക്കുന്ന ഇറാനു ശക്തമായ മുന്നറിയിപ്പു നല്കുകയും ചെയ്തു. ഹൂതികൾക്കുള്ള പിന്തുണ ഉടൻ നിർത്തണമെന്നും അല്ലെങ്കിൽ കാര്യങ്ങൾ ശുഭകരമായിരിക്കില്ലെന്നും ട്രംപ് സോഷ്യൽ മീഡിയയിലൂടെ അറിയിച്ചു. ഹൂതികൾ സ്വന്തം നിലയിലാണു പ്രവർത്തിക്കുന്നതെന്നും ഇറാനെതിരേ നടപടി ഉണ്ടായാൽ ശക്തമായ തിരിച്ചടി നല്കുമെന്നും അവിടുത്തെ വിപ്ലവഗാർഡ് കമാൻഡർ ഹുസൈൻ സലാമി പ്രതികരിച്ചു.

ട്രംപ് അമേരിക്കൻ പ്രസിഡൻറായശേഷം ഹൂതികൾക്കതിരേ നടത്തുന്ന ഏറ്റവും വിപുലമായ സൈനിക നടപടിയാണിത്. ചെങ്കടലിൽ നിലയുറപ്പിച്ചിരിക്കുന്ന അമേരിക്കൻ വിമാനവാഹനി ഹാരി എസ്. ട്രൂമാനിലെ പോർവിമാനങ്ങളാണ് ആക്രമണം നടത്തിയത്. തലസ്ഥാനമായ സനാ, തെക്കുപടിഞ്ഞാറൻ നഗരമായ തായിസ്, ഹൂതി നേതാവ് അബ്ദുൾ മാലിക് അൽ ഹൂതി സന്ദർശകരെ സ്വീകരിക്കുന്ന ദഹ്യാൻ പട്ടണം എന്നിവിടങ്ങളിൽ ഉഗ്ര സ്ഫോടനങ്ങളുണ്ടായി. സൈനികനടപടി ആഴ്ചകൾ നീളുമെന്നാണ് അമേരിക്കൻ സൈനികവൃത്തങ്ങൾ വെളിപ്പെടുത്തിയത്. ആക്രമണത്തെ ഇറാൻ അപലപിച്ചു. അമേരിക്കയെ നേരിടാൻ തയാറാണെന്ന് ഹൂതികൾ പറഞ്ഞു. ഇസ്രേലി സേന ഗാസയിൽ ആക്രമണം തുടങ്ങിയശേഷം ഹൂതികൾ അമേരിക്കൻ യുദ്ധക്കപ്പലുകൾക്കു നേരേ 174ഉം വാണിജ്യ കപ്പലുകൾക്കു നേർക്ക് 145ഉം തവണ ആക്രമണങ്ങൾ നടത്തിയെന്നാണ് അമേരിക്കൻ പ്രതിരോധവൃത്തങ്ങൾ അറിയിച്ചിരിക്കുന്നത്.

## ഇസ്രേലി സേന നടത്തിയ ആക്രമണങ്ങളിൽ 14 പലസ്തീനികൾ കൊല്ലപ്പെട്ടതായി റിപ്പോർട്ട്

കയ്റോ: ഇസ്രേലി സേന ശനിയാഴ്ച ഗാസയിൽ നടത്തിയ ആക്രമണങ്ങളിൽ 14 പലസ്തീനികൾ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. വടക്കൻ ഗാസയിലെ ബെയ്ത് ലാഹിയ പട്ടണത്തിലുണ്ടായ വ്യോമാക്രമണത്തിൽ നാലു മാധ്യമപ്രവർത്തകരടക്കം 9 പേർ കൊല്ലപ്പെട്ടു. ശനിയാഴ്ച നഗരത്തിലൂടെ പോകുകയായിരുന്ന കാറിനെ ലക്ഷ്യമിട്ടായിരുന്നു ആക്രമണം. കാറിനകത്തും പുറത്തുമുള്ളവർ ആക്രമണത്തിനിരയായി. പരിക്കേറ്റ ഒട്ടേറെപ്പേരുടെ നില ഗുരുതരമാണ്.

ബെയ്ത് ലാഹിയയിലെ ഒരു ജീവകാരുണ്യ സംഘടനയുടെ ദൗത്യത്തിനായി പോയ വാഹനമാണ് ആക്രമിക്കപ്പെട്ടതെന്ന് പലസ്തീൻ മാധ്യമപ്രവർത്തകർ പറഞ്ഞു. മാധ്യമപ്രവർത്തകരും ഫോട്ടോഗ്രാഫർമാരും വാഹനത്തിലുണ്ടായിരുന്നു.

പലസ്തീൻ, ഇസ്‌ലാമിക് ജിഹാദ് ഭീകര സംഘടനകളിലെ ആറു പേരെ വധിച്ചെന്നും ചില തീവ്രവാദികൾ മാധ്യമപ്രവർത്തകരായി ചമയുകയായിരുന്നുവെന്നും ഇസ്രേലി സേന അറിയിച്ചു. സെൻട്രൽ ഗാസയിലെ ജുഹുർ എൽദീക്ക് പട്ടണത്തിലും തെക്കൻ ഗാസയിലെ റാഫയിലും ഇസ്രേലി സേന ഡ്രോൺ ആക്രമണം നടത്തിയതായി പലസ്തീൻ ആരോഗ്യവൃത്തങ്ങൾ അറിയിച്ചു. അതേസമയം, ഈ ആക്രമണങ്ങളെക്കുറിച്ച് അറിവില്ലെന്നാണ് ഇസ്രയേൽ പ്രതികരിച്ചത്.

## പാതിവില തട്ടിപ്പ്: 1,343 കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: പാതിവിലയ്ക്ക് ഇരുചക്രവാഹനങ്ങളും ലാപ്ടോപ്പും ഉൾപ്പെടെ വാഗ്ദാനം ചെയ്ത് വഞ്ചിച്ചെന്ന പരാതിയിൽ 1,343 കേസുകൾ രജിസ്റ്റർ ചെയ്തതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു. ഇതിൽ 665 കേസുകൾ ക്രൈംബ്രാഞ്ചിന് കൈമാറും. 48,384 പേർ തട്ടിപ്പിനിരയായെന്നും മുഖ്യമന്ത്രി പറഞ്ഞു. ക്രൈംബ്രാഞ്ച് എഡിജിപിക്കാണ് അന്വേഷണ ചുമതല. മുഖ്യപ്രതികളെ എല്ലാം അറസ്റ്റ് ചെയ്തു. മുഖ്യപ്രതികളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചു. ഇനിയും ഇത്തരം തട്ടിപ്പ് പുറത്തുവരാൻ ഉണ്ട്. പ്രമുഖ വ്യക്തികൾക്ക് ഒപ്പം നിന്നുള്ള ഫോട്ടോകൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിച്ച് ആയിരുന്നു തട്ടിപ്പ്. ആദ്യഘട്ടത്തിൽ പദ്ധതിയിൽ ചേർന്നവർക്ക് പാതി വിലയിൽ സ്കൂട്ടർ ലഭിച്ചു. പിന്നീട് ചേർന്നവരാണ് തട്ടിപ്പിനിരയായത്. തട്ടിപ്പിന് ഇരയാവർക്ക് ഒപ്പമാണ് സർക്കാർ. അന്വേഷണ ഭാഗമായി ഇനിയും കുറെയധികം വിവരങ്ങൾ പുറത്തുവരാനുണ്ട്. വിശ്വാസ്യത നേടിയെടുക്കാൻ ഫീൽഡ് തലത്തിൽ കോഡിനേറ്റർമാരെ നിയമിച്ചായിരുന്നു തട്ടിപ്പെന്നും രാഷ്ട്രീയക്കാർക്ക് പങ്കുണ്ടോ എന്ന് ഇപ്പോൾ പറയാൻ കഴിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ആന എഴുന്നള്ളിപ്പ് തടയാനുള്ള നീക്കമാണ് ഹൈക്കോടതിയുടേതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഉത്സവങ്ങളിൽ ആന എഴുന്നള്ളിപ്പ് പൂർണമായി തടയാനുള്ള നീക്കമാണ് കേരള ഹൈക്കോടതി നടത്തുന്നതെന്ന് സുപ്രീം കോടതി നിരീക്ഷണം. ആന എഴുന്നള്ളിപ്പ് സംസ്കാരത്തിന്റെ ഭാഗമാണെന്ന് ജസ്റ്റീസുമാരായ ബി. വി. നാഗരത്ന, സതീഷ് ചന്ദ്ര ശർമ്മ എന്നിവരടങ്ങിയ ബെഞ്ച് അഭിപ്രായപ്പെട്ടു. കേസിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പടുവിച്ച ഇടക്കാല ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. ആനകളുടെ സർവേ നടത്തണം എന്നത് ഉൾപ്പെടെയുള്ള നിർദേശമാണ് സ്റ്റേ ചെയ്തത്. ഹൈക്കോടതി ഉത്തരവിനെതിരെ വിശ്വ ഗജ സേവാ സമിതി നൽകിയ ഹർജിയിലാണ് സുപ്രീം കോടതി നടപടി. വളർത്തുനായയായ ബ്രൂണോ കൊല്ലപ്പെട്ടതിനെ തുടർന്ന് സ്വമേധയാ എടുത്ത കേസിലാണ് ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഹൈക്കോടതി പുറപ്പടിവിച്ചതെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. നായക്ക് എതിരായ ക്രൂരതയിൽ എടുത്ത കേസ് എങ്ങനെ ആനയിലേക്ക് എത്തിയെന്നും ജസ്റ്റീസ് നാഗരത്ന ചോദിച്ചു. അതേസമയം ആന എഴുന്നെള്ളിപ്പ് കേസിൽ ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഹർജികൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്ന ആവശ്യത്തിൽ സുപ്രീം കോടതി ഇടപെട്ടില്ല. പാറമേക്കാവ്, തിരുമ്പമ്പാടി ദേവസ്വങ്ങൾ നൽകിയ ഹർജിയിൽ നിലവിൽ ഇടപെടാനില്ലെന്ന് ജസ്റ്റീസ് നാഗരത്ന അറിയിച്ചു.

## ബിജെപി തമിഴ്നാട് സംസ്ഥാന അധ്യക്ഷൻ കെ. അണ്ണാമലൈ അറസ്റ്റിൽ

ചെന്നൈ: ബിജെപി തമിഴ്നാട് സംസ്ഥാന അധ്യക്ഷൻ കെ. അണ്ണാമലൈ അറസ്റ്റിൽ. ടാസ്മാക്ക് ക്രമക്കേടിനെതിരായ പ്രതിഷേധത്തിനിടെയാണ് അറസ്റ്റ്. അനുമതിയില്ലാതെ പ്രതിഷേധിച്ചതോടെയാണ് അറസ്റ്റു ചെയ്ത് നീക്കിയത്.

കഴിഞ്ഞയാഴ്ച ടാസ്മാക്കുമായി ബന്ധപ്പെട്ട് 1000 കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തിയതായി ഇഡി വെളിപ്പെടുത്തിയിരുന്നു. ഇതിനുപിന്നാലെ സംസ്ഥാന സർക്കാരിനെതിരെ ബിജെപി പ്രതിഷേധവുമായി രംഗത്തെത്തി. ഇന്ന് ചെന്നൈയിൽ ടാസ്മാക്ക് ആസ്ഥാനത്ത് പ്രതിഷേധം സംഘടിപ്പിക്കുമെന്നും ബിജെപി നേരത്തെ അറിയിച്ചിരുന്നു. ഇതോടെ ഇന്ന് രാവിലെ മുതൽ ബിജെപി നേതാക്കളുടെ വീട് പോലീസ് വളയുകയും ചില നേതാക്കളെ അറസ്റ്റു ചെയ്തു നീക്കുകയും ചെയ്തിരുന്നു.

ഇതിനു പിന്നാലെയാണ് അണ്ണാമലൈ പ്രതിഷേധവുമായി രംഗത്തിറങ്ങിയത്. ഡൽഹി മദ്യനയ അഴിമതിയെക്കാൾ വലിയ അഴിമതിയാണ് സംസ്ഥാനത്ത് നടക്കുന്നതെന്നും അണ്ണാമലൈ പറഞ്ഞു. വരും ദിവസങ്ങളിലും പ്രതിഷേധം തുടരുമെന്നും അണ്ണാമലൈ കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ജോലി വാഗ്ദാനം ചെയ്ത് ഒന്നരലക്ഷം തട്ടിയെന്നു പരാതി

വിഴിഞ്ഞം: ഓസ്ട്രേലിയയിൽ ജോലിക്കായി കൊണ്ടുപോകാമെന്നു വിശ്വസിപ്പിച്ച് ബം ഗലൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെസ്റ്റ് സെറ്റ് ജേർണീസ് എന്ന സ്ഥാപനം ഒന്നര ലക്ഷം രൂപ തട്ടിയെടുത്ത തായി പരാതി. വിഴിഞ്ഞം കരിമ്പള്ളിക്കര സ്മിതാ നിവാസിൽ അഗസ്റ്റിൻ ഇതു സംബന്ധിച്ച് വിഴിഞ്ഞം പോലീസിൽ പരാതിനൽകി. നിരവധി പേർ കമ്പനിയുടെ തട്ടിപ്പിനിരയായതായും പറയപ്പെടുന്നു. ഓസ്ട്രേലിയയിൽ സൂപ്പർ മാർക്കറ്റിൽ ജോലിക്കാരെ ആവശ്യമുണ്ടെന്നു കഴിഞ്ഞ ജൂൺമാസം ഇൻസ്റ്റാഗ്രാമിൽ വന്ന പരസ്യം കണ്ടായിരുന്നു അഗസ്റ്റിൻ കമ്പനിയുമായി ബന്ധപ്പെട്ടത്. വിസയും വിമാന ചാർജ്, മെഡിക്കൽ ഉൾപ്പെടെ മൂന്നര ലക്ഷം രൂപ വേണമെന്ന് അറിയിച്ച ഏജൻസികൾ ഒന്നരലക്ഷം അഡ്വാൻസായും രണ്ടു ലക്ഷം രൂപ ജോലിയിൽ പ്രവേശിച്ച ശേഷം നാല് ഗഡുക്കളായി നൽകണമെന്നും അറിയിച്ചു. ഇവരുടെ വാക്കിൽ വിശ്വസിച്ച അഗസ്റ്റിൻ പറഞ്ഞ പണം നൽകി. മെഡിക്കൽ എടുക്കാൻ ബാംഗ്ലൂരിൽ എത്തിയ ദിവസം ഇതുപോലെ പണമടച്ച പശ്ചിമ ബംഗാളിൽ നിന്നുള്ളവരെയും കേരളത്തിലെ മറ്റു ജില്ലകളിൽ നിന്നുള്ളവരും ഉള്ളതായറിഞ്ഞു. വിശ്വാസത്തിനായി ചില ഉറപ്പുകൾ നൽകിയ കമ്പനി അധികൃതർ നാലു മാസത്തിനുള്ളിൽ ആസ്ട്രേലിയയിലേക്ക് പോകാമെന്നും അറിയിച്ചു.

ഇതിനിടയിൽ പണം നൽകിയവർ ചേർന്ന് ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് രൂപികരിച്ചു. പല അവധികളും ഒഴിവ് കഴിവും പറഞ്ഞ കമ്പനിക്കാർ ഇക്കഴിഞ്ഞ പറത്ത് മുതൽ മുങ്ങിയതോടെയാണ് തങ്ങൾ കബളിപ്പിക്കപ്പെട്ട വിവരമറിയുന്നത്. മൊബൈൽ സ്വിച്ച് ഓഫാക്കി ഒളിവിൽപോയ സംഘത്തെ തേടി പണം നഷ്ടപ്പെട്ടവർ കമ്പനിയിൽ എത്തിയെങ്കിലും ആരെയും കണ്ടെത്താനായില്ലെന്നും അഗസ്റ്റിൻ പറയുന്നു. കമ്പനി നടത്തിപ്പുകാരായ ആതിര അനുരാജ്, അനിൽകുമാർ, ദീപു എന്നിവരെ പ്രതി ചേർത്താണ് ഇയാൾ വിഴിഞ്ഞം സ്റ്റേഷനിൽ പരാതി നൽകിയത്. നാന്നൂറോളം പേരെങ്കിലും ഇവരുടെ തട്ടിപ്പിനിരയായതായും പറയുന്നു.

# രുചികളുടെയും കലകളുടെയും സംഗമോത്സവം ഒരുക്കി ഭാരത് ഭവൻ

തിരുവനന്തപുരം: കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവനുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ ഭാഷാ അസോസിയേഷനുകളുടെ സാംസ്കാരികോത്സവമായ 'സംഗമോത്സവ്' – ഭാരത് ഭവനിൽ നടന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി താമസിക്കുന്ന ബംഗാൾ, മഹാരാഷ്ട്ര, തെലുങ്ക്, കന്നട, ഒറിയ, തമിഴ് തുടങ്ങിയ ഭാഷാ സമൂഹങ്ങളുടെ തനത് കലാവതരണങ്ങൾ, ഫുഡ് ഫെസ്റ്റിവൽ, ഭാഷാ അസോസിയേഷനുകളിലെ മുതിർന്ന വ്യക്തിത്വങ്ങളെ ആദരിക്കൽ എന്നിവ വിവിധ ഭാഷാ സമൂഹങ്ങളുടെ സാന്നിധ്യത്തിൽ ഉത്സവാന്തരീക്ഷത്തോടെ നടന്നു.

ചലച്ചിത്ര അഭിനേത്രിയും നർത്തകിയുമായ വിന്ദുജാ മേനോൻ ടേസ്റ്റ് ഓഫ് ഇന്ത്യ എന്ന ഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. വൈകു ന്നേരം ഭാരത് ഭവൻ മെമ്പർ സെക്രട്ടറി ഡോ. പ്രമോദ് പയ്യന്നൂരിന്റെ അധ്യക്ഷതയിൽ നടന്ന സാംസ്കാരിക കൂട്ടായ്മ മന്ത്രി ഒ. ആർ കേളു ഉദ്ഘാടനം നിർവഹിച്ചു.

ചടങ്ങിൽ വിവിധ ഭാഷാ സമൂഹങ്ങളിൽ നിന്നുള്ള മുതിർന്ന 12 വ്യക്തിത്വങ്ങളെ പ്രശസ്തി ഫലകവും പൊന്നാടയും നൽകി ആദരിച്ചു. വൈവിധ്യമാർന്ന സംസ്കാരങ്ങളിലും നമ്മളൊന്നെന്ന മനസ്സോടെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നവരുടെ നന്മയാണ് ഇന്ത്യയുടെ കരുത്തെന്നു മന്ത്രി പറഞ്ഞു. തിരുവനന്തപുരം സിറ്റി ലോ ആൻഡ് ഓർഡർ ഡിസിപി നകുൽ ദേശ് മുഖ്, കെ. വി. മോഹൻ കുമാർ, ഹിന്ദുസ്ഥാനി സംഗീതജ്ഞ അമ്പ്രദിതാ ബാനർജി, അഡ്വ. റോബിൻ സേവ്യർ, ഭാഷാ അസോസിയേഷൻ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

തുടർന്നു വിവിധ ഭാഷാ അസോസിയേഷനുകളുടെ സാംസ്കാരിക വിനിമയ അവതരണങ്ങളും അരങ്ങേറി.

# ഗാനരചയ്താവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ അന്തരിച്ചു

കൊച്ചി: പ്രശസ്ത ഗാനരചയ്താവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ (78) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് കൊച്ചിയിലെ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. നിരവധി ശ്രദ്ധേയമായ ഗാനങ്ങളുടെ രചയ്താവാണ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ. 10 ൽ ഏറെ ചലചിത്രങ്ങൾക്ക് തിരക്കഥയും അദ്ദേഹം രചിച്ചിട്ടുണ്ട്. 200 സിനിമകളിലായി 700 ഗാനങ്ങളോളം അദ്ദേഹം രചിച്ചിട്ടുണ്ട്. ബാഹുബലി അടക്കം മൊഴിമാറ്റചിത്രങ്ങളിലെ സംഭാഷണവു തിരക്കഥയും എഴുതി. കുട്ടനാട്ടിലെ മങ്കൊമ്പ് ഗ്രാമത്തിലാണ് ജനനം. വിമോചനസമരമാണ് അദ്ദേഹത്തിന്റെ ആദ്യ ചലച്ചിത്രം. നാടകങ്ങളിലൂടെയാണ് അദ്ദേഹം സിനിമ ഗാനരചനാ രംഗത്തേക്ക് കടന്നുവന്നത്.

എം. എസ്. വിശ്വനാഥൻ, ദേവരാജൻ, എം. കെ. അർജുനൻ, രവീന്ദ്രജയിൻ, ബോംബെ രവി, കെ. വി. മഹാദേവൻ, ബാബുരാജ്, ഇളയരാജ, എ. ആർ. റഹ്മാൻ, കീരവാണി, ഹാരിസ് ജയരാജ്, യുവൻ ശങ്കർരാജ തുടങ്ങിയ പ്രമുഖ സംഗീതസംവിധായകർക്കൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. ഹരിഹരൻ എന്ന സംവിധായകനു വേണ്ടിയായിരുന്നു മങ്കൊമ്പ് ഗോപാലകൃഷ്ണൻ എറ്റവും കൂടുതൽ ഗാനങ്ങൾ രചിച്ചത്. ശ്രീകോവിൽ ചുമരുകൾ ഇടിഞ്ഞുവീണു (കേണലും കളക്ടറും), രാജസൂയം കഴിഞ്ഞു എന്റെ രാജയോഗം തെളിഞ്ഞു, കണ്ണാംപൊത്തിയിലേലേ (അമ്മിണി അമ്മാവൻ), കുങ്കുമസന്ധ്യാ ക്ഷേത്രക്കുളങ്ങരെ (മിസ്സി), പാലാഴിമങ്കയെ പരിണയിച്ചു, വർണ്ണചിറകുള്ള വനദേവതേ (സഖാക്കളേ മുന്നോട്ട്) എന്നിവയാണ് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഗാനങ്ങൾ.

# നെല്ലു സംഭരണത്തിലെ അനിശ്ചിതത്വം നീക്കാൻ സർക്കാർ ഇടപെടണം: കെ സുധാകരൻ എംപി

തിരുവനന്തപുരം: നെല്ലുസംഭരണത്തിലെ അനിശ്ചിതത്വം മാറ്റൻ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി. കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പാടശേഖരമായ ജെ ബ്ലോക്ക് 9000ലെ നെല്ല് സംഭരക്കാത്തതുമൂലം കർഷകർ കനത്ത പ്രതിസന്ധി നേരിടുകയാണ്.

ഇങ്ങനെ കിടക്കുന്ന നെല്ലിന്റെ തൂക്കം കുറയുകയും അത് വിലയിടിവിന് കാരണമാകുകയും ചെയ്യും. ഇതിനിടെ വേനൽമഴ കൂടിയെത്തിയാൽ നെല്ല് പൂർണ്ണമായും നശിച്ച് പോകും. സംസ്ഥാന സർക്കാർ പതിവുപോലെ അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചിരിക്കുന്നത്. മില്ലുടമകൾ രണ്ടു ശതമാനം കിഴിവിനു വേണ്ടി സമ്മർദ്ദം ചെലുത്തുന്നതാണ് പ്രശ്നം. ഒരു കിന്റൽ നെല്ലെടുത്താൽ രണ്ടു കിലോയുടെ പണം കുറച്ചുനല്കുന്ന കൊള്ളയാണിത്. കർഷകർക്ക് കനത്ത നഷ്ടം വരുത്തുന്ന ഈ നടപടിയിൽ സർക്കാർ കയ്യുംകെട്ടി നില്ക്കുന്നു. സർക്കാർ ആരോടൊപ്പമാണ് എന്നാണ് കർഷകർക്ക് അറിയേണ്ടത്. കിഴിവ് എന്ന പരിപാടി തന്നെ നിർത്താലക്കണം. കർഷകന്റെ അധ്വാനത്തിന്റെ വിലയാണ് മില്ലുടമകൾ ചൂഷണം ചെയ്യുന്നത്. ഉല്പാദനച്ചെലവ് വർധിക്കുമ്പോഴും നെല്ലിന്റെ വില മാത്രം കൂടുന്നില്ല. ഇത് പരിഹരിക്കാനും നെല്ലിന് ന്യായവില ഉറപ്പാക്കാനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അടിയന്തര ഇടപെടൽ വേണം. നെല്ലിന്റെ താങ്ങുവില ചുരുങ്ങിയത് 35 രൂപ ആക്കണം. കേന്ദ്ര സർക്കാരിന്റെ വിഹിതമായി 23 രൂപയും സംസ്ഥാനത്തിന്റെതായി 5.20 രൂപയും ചേർന്ന് 28.20 രൂപയാണ് ലഭിക്കുന്നത്. കാലങ്ങളായി സംസ്ഥാന വിഹിതം വർധിപ്പിക്കുന്നതിന് പകരം വെട്ടിക്കുറയ്ക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ താങ്ങുവില കുടിശിക എത്രയും വേഗം അനുവദിക്കണമെന്നും കെ. സുധാകരൻ ആവശ്യപ്പെട്ടു. സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകന് നൽകണം. ഹാന്റിലിംഗ് ചാർജ്ജ് പൂർണ്ണമായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഹിക്കണം. കാലാവസ്ഥ വ്യതിയാനം, മടവീഴ്ച എന്നിവ മൂലമുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം സർക്കാർ നല്കുന്നുവെന്ന് ഉറപ്പാക്കണം. ഈ വിഷയത്തിൽ അടിയന്തര ഇടപെടലും പരിഹാരവും ആവശ്യപ്പെട്ട് പാർലമെന്റിൽ ഉന്നയിക്കുമെന്നും സുധാകരൻ പറഞ്ഞു. നാടിനെ അന്നമൂട്ടാൻ കാലവസ്ഥയോടും ഭരണസംവിധാനങ്ങളോടും പടവെട്ടി പോരാടുന്ന കർഷകന് അവഗണന മാത്രമാണ് സർക്കാർ സമ്മാനിക്കുന്നത്. മുഴുവൻ അധ്വാനവും സമ്പാദ്യവും ചെലവാക്കിയാലും കർഷകന് ദുരിതം മാത്രമാണ് മിച്ചം. വൻ തുക പലിശയ്ക്ക് വായ്പയെടുത്താണ് ഓരോ കർഷകനും കൃഷിയിറക്കുന്നത്.

പ്രതീക്ഷിച്ച വരുമാനം കിട്ടാതെ വായ്പാ തിരിച്ചടവ് മുടങ്ങി കടബാധ്യതയിലാണ് ഭൂരിഭാഗം കർഷകരും. ഇനിയൊരു കർഷകന്റെ ജീവൻ പൊലിയാൻ ഇടവരുതെന്നും സുധാകരൻ പറഞ്ഞു. കർഷകരുടെ ദുരിതത്തിന് പരിഹാരം കാണുന്നതിൽ സർക്കാരുകൾ അമ്പേ പരാജയപ്പെട്ടു. സംഭരിച്ച നെല്ലിന്റെ പണം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ട് പോലും സർക്കാർ മുഖവിലക്കെടുത്തിട്ടില്ല. പി. ആർഎസ് വായ്പയായി നൽകുന്നത് മൂലമുള്ള പ്രയാസം ഇപ്പോഴും കർഷകൻ അനുഭവിക്കുകയാണ്. നിരന്തരമായി കർഷകരെ ചതിക്കുന്ന സമീപനമാണ് സർക്കാരിന്റെത്.

കർഷകർക്കുള്ള ആനുകൂല്യങ്ങളും സഹായങ്ങളും സമയബന്ധിതമായി നൽകണമെന്ന് ആവശ്യം പലപ്പോഴായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് സർക്കാർ നൽകുന്ന വാഗ്ദാനങ്ങൾ വെള്ളത്തിലെ വരപോലെയാണ്.

കർഷക താൽപ്പര്യങ്ങളോട് നീതിപുലർത്താത്ത സർക്കാരാണ് കേന്ദ്രത്തിലും സംസ്ഥാനത്തും ഭരണത്തിലുള്ളത്. കൃഷിവകുപ്പിന്റെയും സിവിൽസപ്ലൈസിന്റെയും നിഷ്ക്രിയത്വമാണ് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നത്. ഇതിനെതിരായ ശക്തമായ തിരിച്ചടി ജനം നൽകും. കർഷകരോടുള്ള സർക്കാരിന്റെ അവഗണനയ്ക്കെതിരെ ശക്തമായ പ്രക്ഷോഭങ്ങൾക്ക് കോൺഗ്രസ് നേതൃത്വം നൽകുമെന്നും കെ. സുധാകരൻ പറഞ്ഞു.

# നിരാഹാര സമരം പ്രഖ്യാപിച്ച് ആശാ വർക്കർമാർ

തിരുവനന്തപുരം: സമരം കടുപ്പ് ആശാ വർക്കർമാർ. വ്യാഴാഴ്ച മുതൽ സമരവേദിയിൽ നിരാഹാര സമരം ആരംഭിക്കുമെന്ന് ആശാ വർക്കർമാർ പ്രഖ്യാപിച്ചു. മൂന്ന് ആശാവർക്കർമാർ നിരാഹാര സമരമിരിക്കും. സെക്രട്ടറിയറ്റ് ഉപരോധ വേദിയിലാണ് അടുത്തഘട്ട സമരം പ്രഖ്യാപിച്ചത്. അതേസമയം ആശാ വർക്കർമാരുടെ സെക്രട്ടേറിയറ്റ് ഉപരോധം തുടരവേ സമരക്കാരുടെ ഒരു ആവശ്യം അംഗീകരിച്ച് സർക്കാർ. ആശാ വർക്കർമാർക്ക് ഓണറേറിയം നൽകുന്നതിന് നിശ്ചയിച്ച പത്ത് മാനദണ്ഡങ്ങൾ പിൻവലിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി.

സർക്കാർ തീരുമാനം സമരത്തിന്റെ വിജയമാണെന്നും എന്നാൽ, സമരം അവസാനിപ്പിക്കില്ലെന്നും ആശാ വർക്കർമാർ പ്രതികരിച്ചു. ഓണറേറിയം വർധന, പെൻഷൻ തുടങ്ങിയ പ്രധാന ആവശ്യങ്ങളിൽ തീരുമാനം ആകുന്നതുവരെ സമരം അവസാനിപ്പിക്കില്ലെന്നും ഇന്നു വൈകുന്നേരം ആറു വരെ സെക്രട്ടറിയേറ്റ് ഉപരോധ സമരം തുടരുമെന്നും സമരസമിതി നേതാവ് ബിന്ദു പറഞ്ഞു.

## 12ാമത് ഇന്ത്യൻ ദക്ഷിണദ്രുവ സമുദ്ര ശാസ്ത്രപര്യവേഷണം:

# അന്റാർട്ടിക്കയിലെ കൂന്തൽ ജൈവവൈവിധ്യം അടുത്തറിഞ്ഞ് സിഎംഎഫ്ആർഐ സംഘം

### ചുഴലിക്കാറ്റ്, ഉയർന്ന തിരമാലകൾ, അതിശൈത്യം.. പ്രതികൂല കാലാവസ്ഥയിലും ആവശ്യമായ സാമ്പിളുകൾ ശേഖരിച്ച് ഗവേഷകർ

കൊച്ചി: ചുഴലിക്കാറ്റുകളെയും ഉയർന്ന തിരമാലകളെയും ചെറുത്ത് അന്റാർട്ടിക്കയിലെ കൂന്തൽ ജൈവവൈവിധ്യത്തെ പഠിക്കാനുള്ള ഗവേഷണ സർവേയുമായി സിഎംഎഫ്ആർഐ (കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം) സംഘം.

ദക്ഷിണദ്രുവ സമുദ്രത്തിലേക്കുള്ള 12ാമത് ഇന്ത്യൻ ശാസ്ത്രപര്യവേഷണത്തിന്റെ ഭാഗമായാണ് സിഎംഎഫ്ആർഐ സംഘത്തിന്റെ ഗവേഷണം. ഷെൽഫിഷ് ഫിഷറീസ് വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഗീത ശശികുമാറും ടെക്നിക്കൽ ഓഫീസർ ഡോ കെ കെ സജികുമാറുമാണ് പര്യവേഷണത്തിന്റെ ഭാഗമായുള്ള സിഎംഎഫ്ആർഐ ഗവേഷകർ. പ്രധാനമായും കൂന്തലിന്റെ ലഭ്യതയും അന്റാർട്ടിക്കൻ ആവാസവ്യവസ്ഥയിൽ അവയുടെ പങ്കും പഠിക്കുകയാണ് ലക്ഷ്യം. ഇതിനായി സാമ്പിളുകൾ ശേഖരിക്കുകയാണിപ്പൾ. 47 ദിവസത്തെ പര്യവേഷണത്തിൽ 36 ദിവസം പിന്നിട്ടു. ഡേറ്റ ശേഖരണം തുടർന്നുവരികയാണ്. ശേഖരിച്ച കൂന്തൽ കുഞ്ഞുങ്ങളെ (പാരാ ലാർവെ) സിഎംഎഫ്ആർഐയിൽ തിരിച്ചെത്തി വിശദ പരിശോധനക്ക് വിധേയമാക്കും. ദക്ഷിണദ്രുവ പ്രദേശങ്ങളിൽ ഇവയുടെ ജൈവവൈവിധ്യം ശാസ്ത്രീയമായി മനസ്സിലാക്കാൻ ഇതിലൂടെ കഴിയും. കൂടാതെ, ഇവയടെ ചെവിക്കല്ല് വിശകലനം ചെയ്ത് ഈ കൂന്തൽ ഇനങ്ങളുടെ വയസ്സും വളർച്ചയും കണ്ടെത്താനുമാകും.ഈ പഠനങ്ങൾ, അന്റാർട്ടിക് സമുദ്രത്തിൽ ഇവയുടെ സമൃദ്ധിയും ശാസ്ത്രീയ സ്വഭാവവും മേഖലയിൽ അവയുടെ പാരിസ്ഥിതിക പ്രാധാന്യവും മനസ്സിലാക്കാൻ സഹായിക്കും.കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള ഗോവയിലെ നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷ്യൻ റിസർച്ച് സംഘടിപ്പിക്കുന്ന പര്യവേഷണത്തിൽ ഇന്ത്യയിലും വിദേശത്തുമുള്ള 16 ഗവേഷണ സ്ഥാപനങ്ങളും സർവകലാശാലകളും പങ്കാളികളാണ്.ദക്ഷിണദ്രുവ സമുദ്രത്തിലെ പറക്കും കൂന്തലിന്റെ ലഭ്യതയും പഠന വിധേയമാക്കുന്നുണ്ട്. സമുദ്ര ആവാസവ്യവസ്ഥയെ കൂടുതൽ കൃത്യമായി മനസ്സിലാക്കാനും സമുദ്രസമ്പത്തിന്റെ സുസ്ഥിര മാനേജ്മെന്റ് രീതികളെ സഹായിക്കാനും ഈ പഠനങ്ങൾ വഴിതുറക്കുമെന്ന് ഡോ ഗീത ശശികുമാർ പറഞ്ഞു.

പര്യവേഷണത്തിൽ 42 ഗവേഷകരാണുള്ളത്. മുൻകൂട്ടി നിശ്ചയിച്ച സ്ഥലങ്ങളിൽ ഗവേഷണ കപ്പൽ നിർത്തിയാണ് സാമ്പിളുകൾ ശേഖരിക്കുന്നത്. എന്നാൽ, ചുഴലിക്കാറ്റിന്റെ വരവും അതിശക്തമായ കാറ്റും കാരണം ഇളകി മറിയുന്ന കടലിൽ പലപ്പോഴും സാമ്പിൾ ശേഖരണം അതീവ ദുഷ്കരമാണ്.ഇതു വരെ, സഞ്ചാരപാതയിൽ മൂന്ന് ചുഴലിക്കാറ്റുകളെ നേരിടേണ്ടി വന്നു. താഴ്ന്ന മർദ്ദവും ഭീമൻ തിരമാലകളും ശക്തമായ കാറ്റോടെയുള്ള അതിശൈത്യവും അവഗണിച്ചാണ് സർവേ നടത്തിവരുന്നത്. –22 ഡിഗ്രി വരെ താഴ്ന്ന താപനിലയിൽ മഞ്ഞുമലകൾക്കിടയിലൂടെയും പൊങ്ങിക്കിടക്കുന്ന ഐസ് പാളികളിലൂടെയും സഞ്ചരിച്ച് ഡേറ്റ ശേഖരണം നടത്തൽ വെല്ലുവിളികൾ നിറഞ്ഞതാണെന്ന് ഡോ സജികുമാർ പറഞ്ഞു.ദക്ഷിണദ്രുവ മേഖലയിലേക്ക് അടുക്കുമ്പോഴുള്ള അതീവ ദുഷകരമായ സമുദ്രഭാഗങ്ങളിലൂടെ (റോറിങ് ഫോർട്ടീസിലൂടെയും ഫ്യൂരിയസ് ഫിഫ്റ്റീസിലൂടെയും) കടന്നുപോകുമ്പോൾ ഉയർന്ന തിരമാലകളലാൽ കപ്പൽ ആടിയുലയുന്നത് കാരണം അടിസ്ഥാന ആവശ്യനിർവഹണത്തിന് പോലും ബുദ്ധിമുട്ടനുഭവപ്പെട്ടു. ശക്തമായ കാറ്റും തണുപ്പുമുള്ളതിനാൽ വളരെ കുറഞ്ഞ സമയം മാത്രമേ കപ്പലിന് പുറത്ത് ചില വഴിക്കാനാകൂ. എങ്കിലും പഠനത്തിന് ആവശ്യമായ സാമ്പിളുകൾ ശേഖരിക്കാനായതിന്റെ സന്തോഷത്തിലാണ് സിഎംഎഫ്ആർഐ ഗവേഷകർ.

തിമിംഗലങ്ങൾ, വിവിധയിനം കടൽപക്ഷികൾ, പെൻഗ്വിൻ തുടങ്ങി വൈവിധ്യമാർന്ന സമുദ്രജന്തുജാലങ്ങളുടെ കാഴ്ചകളാണ് യാത്രയിലെ മറ്റൊരു പ്രത്യേകത. ഇന്ത്യയിലേക്കുള്ള മടക്കയാത്രയിലാണിപ്പോൾ. എന്ന് തിരിച്ചെത്താനാകുമെന്നത് കടലിന്റെ സ്വാഭാവത്തെയും കാലാവസ്ഥയെയും ആശ്രയിച്ചിരിക്കും.



സിഎംഎഫ്ആർഐ ഗവേഷകരായ ഡോ ഗീത ശശികുമാറും ഡോ കെ കെ സജികുമാറും ദക്ഷിണദ്രുവ സമുദ്ര പര്യവേഷണത്തിനിടെ കൂന്തലിനെ പിടിക്കാൻ ഉപയോഗിക്കുന്ന ഓട്ടോമാറ്റിക് സക്വിഡ് ജിഗിംങ് മെഷിനിനൊപ്പം.



ദക്ഷിണദ്രുവ സമുദ്രത്തിലേക്കുള്ള 12ാമത് ഇന്ത്യൻ ശാസ്ത്രപര്യവേഷണത്തിൽ അംഗങ്ങളായ വിവിധ ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും ഗവേഷകർ.